(രജിസ്റ്റർ ചെയ്ത കൈപ്പററ് ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി1/359/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽസ്റ്റേഷൻ, കോഴിക്കോട്

ഇ-മെയിൽ – dokkd.ksad@kerala.gov.in

തീയതി : 23.04.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി1/359/2020 തിയ്യതി 23.04.2020

**കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ**

**ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2018 മുതൽ 09.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 18.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മനോഹരൻ.എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ജെ.ധീരജ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.കെ.ഷൈന | അസി. ഓഡിററ് ഓഫീസർ |
| | ശ്രീ.ഇ.കെ.ഷാജി | ഓഡിറ്റർ ട്രെയിനി |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. ടി. സി. അബ്ദുള്ള | 01.04.2018– 31.03.2019 |
| സെക്രട്ടറി | ശ്രീ. പി. പി. രാജൻ | 01.04.2018 – 08.05.2018 |
| | ശ്രീ.വേണഗോപാലൻ നായർ.ടി, അസി.സെക്രട്ടറി (അധിക ചുമതല) | 9.05.2018 - 18.5.2018 |
| | ശ്രീ.സി.പി.സുബൈർ | 19.05.2018 – 31.03.2019 |
| **നിർവ്വഹണ ഉദ്യോഗസ്ഥർ:** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസി. സെക്രട്ടറി | ശ്രീ. വേണഗോപാലൻ നായർ.ടി. | 01.04.2018 – 31.3.2019 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. നൗഷാദ്. യു പി | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. എൻ. സുക | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ | ഡോ. ഗീത | 01.04.2018 – 31.03.2019 |

| | | |
|---|---|---|
| (ആയുർവ്വേദം) | | |
| വെറ്ററനറി സർജ്ജൻ | ഡോ.അനീഷ് കുമാർ.കെ. | 01.04.2018 -31.3.2019 |
| കൃഷി ഓഫീസർ | ശ്രീമതി.സബീന.എം.എം. | 01.04.2018– 31.3.2019 |
| അസി. എഞ്ചിനീയർ | ശ്രീ. മുസ്തഫ.സി.എച്ച്. | 01.04.2018 – 11.04.2018 |
| | ശ്രീ.ശ്രീജിത്ത് | 12.04.2018 - 11.09.2018 |
| | ശ്രീമതി.ഗോപിക മോഹൻ | 12.09.2018 – 07.02.2019 |
| | ശ്രീ.അനീഷ് | 08.02.2019 – 14.03.2019 |
| | ശ്രീ.എൻ.രാജേഷ് | 15.03.2019 – 31.03.2019 |
| വി ഇ ഒ | ശ്രീമതി.ബിജി.പി.എസ്. | 01.04.2018-31.03.2019 |
| | ശ്രീമതി.റൈഷ | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രഷീദബായ്.എം.പി. | 01.04.2018-31.03.2019 |
| ഹെഡ്മാസ്റ്റർ | ശ്രീ. അബ്ദുൾ അസീസ് | 01.04.2018 – 04.11.2018 |
| | ശ്രീ.പി.എ.അബ്ദുൾ കലാം ആസാദ് | 05.11.2018 – 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റുമൈസ.പി.എം. | 01.04.2018 – 31.03.2019 |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | ഫണ്ട് വിനിയോഗം |
| 3 | 1-3 | പദ്ധതി അവലോകനം |
| 4 | 1-4 | ക്യാഷ് പരിശോധന |
| 5 | 1-5 | ആഭ്യന്തര നിയന്ത്രണം |
| 6 | 1-6 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 7 | 1-7 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 8 | 1-8 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. |
| 9 | 1-9 | അനധികൃത കെട്ടിടനിർമ്മാണം തടയൽ - തുടർനടപടി കാര്യക്ഷമമല്ല |
| 10 | 1-10 | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. |
| 11 | 1-11 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി തുക അനുവദിച്ചു |
| 12 | 1-12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 13 | 1-13 | മാലിന്യ സംസ്കരണത്തിനായുള്ള റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 14 | 1-14 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല |
| 15 | 1-15 | വൃദ്ധർക്ക് കട്ടിൽ വിതരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ |
| 16 | 1-16 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു |
| 17 | 1-17 | ടെണ്ടർ ഫോറങ്ങൾ തിരുത്തൽ വരുത്തി കരാറുകാർക്ക് ഇളവ് അനുവദിക്കുന്നത് മൂലം |

| | | |
|---|---|---|
| | | പഞ്ചായത്തിന് നഷ്ടം |
| 18 | 1-18 | നികുതി ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു |
| 19 | 1-19 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം |
| 20 | 1-20 | കൃഷി പ്രോത്സാഹനം -വനിതകൾക്ക് ഗ്രോബാഗ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ |
| 21 | 1-21 | മൃഗ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതി-രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് |
| 22 | 1-22 | അമൃതം ന്യൂട്രിമിക്സ് - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 23 | 1-23 | എസ്.എസ്.എ.പദ്ധതി യുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല |
| 24 | 1-24 | പൊതു മരാമത്ത് പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ |
| 25 | 1-25 | മുത പറമ്പ് എസ്.സി പഠന വീട് ഫർണിച്ചർ ലഭ്യമാക്കൽ പദ്ധതി -ഫർണിച്ചറുകൾ സ്ഥാപനത്തിന് ലഭ്യമായതിന്റെ രേഖ ഹാജരാക്കിയില്ല |
| 26 | 1-26 | വാഴകന്ന് വിതരണം (വനിത)-പദ്ധതി നടപ്പാക്കിയതിലെ അപാകത |
| 27 | 1-27 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം |
| 28 | 1-28 | ഡിപ്പോസിററ് പ്രവൃത്തി-വിനിയോഗം സംബന്ധിച്ച്. |
| 29 | 1-29 | കാർഷിക മേഖലയിൽ ഹരിത കേരളം പദ്ധതി നടപ്പാക്കൽ : അവലോകനം |
| 30 | 1-30 | ശുചിത്വമിഷൻ ഫണ്ട്-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 31 | 1-31 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത |
| 32 | 1-32 | തൊഴിലുറപ്പ് പദ്ധതി-തൊഴിൽ കാർഡ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല |
| ഭാഗം-2<br>ഇല്ല | | |
| ഭാഗം-3 | | |
| 33 | 3-1 | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. |
| 34 | 3-2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു |
| ഭാഗം-4 | | |
| 35 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 36 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 39 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 40 | 4-6 | സ്ഥിര നിക്ഷേപം |
| 41 | 4-7 | ഓഡിറ്റ് റിക്കവറി |
| 42 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 43 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 44 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

31.03.2018 തീയതിയിലെ തീരുമാനം 2പ്രകാരം 2018-19ലെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1) പ്രകാരം എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 24.3.2018 ലാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14302334 | 14302334 | 13708069 | 594265 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5754000 | 5754000 | 4704534 | 1049466 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 129000 | 129000 | 129000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6672000 | 6672000 | 6374520 | 297480 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3203000 | 3203000 | 3111642 | 91358 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8514892 | 8514892 | 6569832 | 1945060 |
| ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി | | | | | |
| സാക്ഷരത | 2231 | 0 | 2231 | 0 | 2231 |
| മണൽ (എസ്.ബി.ഐ) | 2274967 | 10678711 | 12953678 | 11387843 | 1565835 |
| ഇ പേയ്മെന്റ് | 25198 | 82736 | 107934 | 649 | 107285 |
| ദുരിതാശ്വാസനിധി | 120733 | 4284 | 125017 | 57618 | 67399 |
| ഒ.ഡി.എഫ്.തിരികെ | 1190000 | 0 | 1190000 | 1190000 | 0 |
| വെറ്ററനറി ആശുപത്രി ചുററുമതിൽ | 375000 | 0 | 375000 | 375000 | 0 |
| എം.എൻ.ലക്ഷം വീട് | 238872 | 9696 | 248568 | 118 | 248450 |
| ഹരിതകർമ്മസേന | 0 | 70769 | 70769 | 70300 | 469 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 12303044 | 12303044 | 12303044 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് | 81948 | 526374 | 608322 | 525977 | 82345 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ :<br>എം.പി.ഫണ്ട് | | 30414 | 1078 | 31492 | 0 | 31492 |
| എസ്.എസ്.എ. | | 123341 | 5004 | 128345 | 118 | 128277 |
| ഐ.സി.ഡി.എസ്. | | 731169 | 1062031 | 1793200 | 877029 | 916171 |
| സമ്പൂർണ്ണ ശുചിത്വം | | 120000 | 0 | 120000 | 0 | 120000 |
| ശുചിത്വ മിഷൻ | | 72200 | 1381584 | 1453784 | 160000 | 1293784 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1853355 | 1853355 | 1851750 | 1605 |
| | ജില്ലാ പഞ്ചായത്ത് | 175000 | 2199113 | 2374113 | 2373750 | 363 |
| ബി ഫണ്ട് | | 0 | 38573780 | 38573780 | 38573780 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 295666 | 10486649<br>4266398<br>(റിഡംപ്ഷൻ) | 15048713 | 10727399 | 4321314 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7718033 | 7346195 | 15064228 | 7707601 | 7356627 |
| | ട്രഷറി അക്കൗണ്ട് | 143620 | 98030 | 241650 | 68280 | 173370 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 80595683 | 122 | 55019048 | 28 | 44 | 63 |

ഡി.പി.സി. അഗീകാരം ലഭിച്ച 194 പ്രൊജക്ടുകളിൽ 150എണ്ണം ഓഡിററ വർഷം നടപ്പാക്കിയിട്ടുണ്ട്. 54 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 7 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ പദ്ധതി അടങ്കലായി 80,595,683/-രൂപ വകയിരുത്തിയതിൽ 55,019,048/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,195,646/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 136 മരാമത്തു പ്രൊജക്ടുകളിൽ 98 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 29,087,250/-രൂപ വകയിരുത്തിയതിൽ 18,090,466/-രൂപയാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് 62 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മിനട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി

ബാധിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായും അപ്രകാരം കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട് (ഖണ്ഡിക 1-10 കാണുക). മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറങ്ങളിലെ ക്വാട്ട് ചെയ്ത നിരക്കുകളിൽ തിരുത്തലുകൾ വരുത്തിയത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെ കരാറുകാർക്ക് പ്രവൃത്തി ഏൽപിച്ച് നൽകിയത് ക്രമപ്രകാരമല്ല. (ഖണ്ഡിക കാണുക)

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് .

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്ന പദ്ധതിയിൽ, വാങ്ങലുകൾ നടത്തുന്നതിന് പ്രൊക്യൂർമെന്റ് മാന്വലിൽ നിഷ്കർഷിക്കുന്ന നടപടിക്രമം പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക തുക നൽകേണ്ടി വന്നത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ് (ഖണ്ഡിക 1-15 കാണുക). പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ, ചില വിദ്യാർത്ഥികൾക്ക് കോഴ്സ് അവസാനിക്കുന്നതിന് മാസങ്ങൾക്കു മുമ്പ് മാത്രമാണ് ലാപ് ടോപ്പ് ലഭ്യമായിട്ടുള്ളത് എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ് (ഖണ്ഡിക 1-12 കാണുക).

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതിയിൽ, സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ അധിക തുക നൽകുകയുണ്ടായി (ഖണ്ഡിക 1-11 കാണുക). മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച റിംഗ് കമ്പോസ്റ്റ് യൂണിററ് സ്ഥാപിക്കുന്ന പദ്ധതിയിൽ മുഴുവൻ ഗുണഭോക്താക്കളും യൂണിറ്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായുള്ള പാലിയേറ്റീവ് ഹോംകെയർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ ഹോംകെയർ ടീമിന്റെ ഓണറേറിയം, അനുബന്ധ ചെലവുകൾ എന്നിവ യാഥാസമയം നർവ്വഹിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട് (ഖണ്ഡിക 1-14 കാണുക).

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.03.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63104/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, ടെയിഡേഴ്സിൽ നിന്നും, മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
2. വസ്തുനികുതി 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങൾ ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത വരവിനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഡി.&ഒ.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും, വിവിധ തൊഴിലിൽ ഏർപ്പെട്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായും രേഖകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

3. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇത് ഒരേയിനം സാധനങ്ങൾക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുന്നതിന് കാരണമാകുകയും ഗ്രാമപഞ്ചായത്തിന് അധികം തുക നൽകുന്നതിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്.

4. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.

5. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

6. ഗ്രാമപഞ്ചായത്ത് അന്യായക്കാരനായും എതിർകക്ഷിയായും ധാരാളംകേസുകൾ പല കോടതികളിലായി നിലവിലുണ്ടെങ്കിലും സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി, കേസുകൾ വിചാരണ നടക്കുന്ന കോടതി, ചുമതലപ്പെടുത്തിയ വക്കീലിനെ സംബന്ധിച്ച വിവരം, കേസുകളുടെ ഡിസ്പോസൽ സംബന്ധിച്ച വിവരം എന്നിവയൊന്നും ലഭ്യമല്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

8. ആസ്തി രജിസ്റ്റർ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. 2017-18, 2018-19 വർഷങ്ങളിൽ നിർമ്മിച്ച പല ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,4,6,8എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

(ഇ) സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർത്ത അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. ബി9 ഷെഡ്യൂളിൽ other liability (LIC) ആയി 41812/-രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ 3/2019ലെ ശമ്പള ബിൽ പ്രകാരം 4646/-രൂപയാണ് എൽ.ഐ.സി. റിക്കവറിയായി കുറവു ചെയ്തിട്ടുള്ളത്. 37166/-രൂപയുടെ വ്യത്യാസം കാണുന്നു.
2. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ പ്രൊവിഷൻ കൊടുത്തില്ല.
3. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.
5. ബി 4 സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ്/സംയുക്ത പ്രൊജക്ടിനുള്ള തുകകൾ തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഇനത്തിലുമുള്ള ചെലവുകൾ നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2169 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 418പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് പരിശോധിച്ച് ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്താത്തത് വീഴ്ചയാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് പോരായ്മയായി വിലയിരുത്തുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അടിയന്തിരമായി പരിശോധിക്കുകയും

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-8 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

2018-19 ലെ വർക്ക് ബിൽ പരിശോധിച്ചതിൽ നിന്നും ചുവടെ പരാമർശിച്ച കരാറുകാർ പഞ്ചായത്തിൽ വർക്ക് എടുക്കുകയും വരുമാനമാർജ്ജിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി പരിധിയിൽ ഉൾപ്പെടേണ്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കേരള പഞ്ചായത്തുരാജ് അക്ട് 1994 വകുപ്പ് 204 എ(ii) പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ പഞ്ചായത്തു പ്രദേശത്തു താമസിച്ച കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ നടത്തുകയോ പൊതുവോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതായ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | കെ.ടി.സി മമ്മദ് |
| 2 | അബ്ദുൾ ഗഫൂർ. പി.കെ |
| 3 | ഷിനിൽ.കെ.എം |
| 4 | അബ്ദുൾ മജീദ് |
| 5 | ബഷീർ. എൻ.കെ |
| 6 | അബ്ദുൾ റസാക്ക് |
| 7 | അബ്ദുൾ റഷീദ് |
| 8 | ഷംസുദ്ദീൻ |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 അനധികൃത കെട്ടിടനിർമ്മാണം തടയൽ - തുടർനടപടി കാര്യക്ഷമമല്ല

ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 1,89,599/- രൂപയും 1,81,285/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഒരു കെട്ടിടം പോലും അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടില്ല എന്നാണ് സ്ഥാപനം സൂക്ഷിച്ച അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം വ്യക്തമാവുന്നത്. അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി നികുതി റിവൈസ് ചെയ്ത് തനതുഫണ്ട് വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും, അനധികൃത നിർമ്മാണം തടയുന്നതിന് ഫലപ്രദമായ നടപടികൾ കമ്മിറ്റി കൈക്കൊണ്ടിട്ടില്ല.

വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെക്കാലം കഴിഞ്ഞാണ്. പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | പ്രവർത്തി പൂർത്തീ കരണ കാലയളവ്. സൈറ്റ് കൈമാ റിയ തിയ്യതി | പ്രവർത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് | ഈടാ ക്കേണ്ട പിഴ പി. എ .സി തുകയുടെ ശതമാ നത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 167/18-19<br>മുഴുപറമ്പ് വെണ്ണക്കാട്ടു തൊടി റോഡ് | 234879<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 76/ 27.03.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>29/17-18/ 18.01.2018 | 6 മാസം<br>18.01.2018 | 23.01.2019<br>എം.ബുക്ക്<br>(241,250 /17-18<br>കരാർകാലാ വധി കഴിഞ്ഞ് 26.12.2018നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |
| 2 | 168/18-19<br>മാത്തിൽ ലക്ഷം വീട് റോഡ് | 20000<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 77/ 27.03.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>62/17-18/ 27.03.2018 | 6 മാസം<br>27.03.2018 | 11.01.2019<br>എം.ബുക്ക്<br>(246/18-19<br>കരാർകാലാ വധി കഴിഞ്ഞ് 24.12.2018നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂ ടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 3 | 171/18-19<br>സൗത്ത് കൊടിയത്തൂർ കഴുത്തുട്ടി പുറായി റോഡ് | 249975<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 44/ 22.01.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>33/17-18/ 18.01.2018 | 6 മാസം<br>18.01.2018 | 16.01.2019<br>എം.ബുക്ക്<br>(265/17-18<br>കരാർകാലാ വധി കഴിഞ്ഞ് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 249975 രൂപ യുടെ 3% | 7499 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | 28.12.2018നാണ് പ്രവർത്തി തുടങ്ങിയത് | | | |
| 4 | 175/18-19<br>മാട്ടുമുറി കോളനി കുളം സൈഡ് കെട്ടലും പൈപ്പലൈൻ ദീർഘിപ്പിക്കലും | 217748<br>(വികസന ഫണ്ട് എസ്.സി.പി<br>ബിൽ നമ്പർ 51/22.01 .2019 | ശ്രീ.അബ്ദുൾ ഗഫൂർ.കെ<br>68/17-18/ 31.03.2018 | 3 മാസം | 31.03.2018 | 12.03.2019<br>എം.ബുക്ക്<br>(311/17-18<br>കരാർകാലാവധി കഴിഞ്ഞ് 07.11.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 350000 രൂപ യുടെ 3% | 10500 |
| 5 | 199/18-19<br>തോട്ടുമുക്കം ജി.എൽ.പി.സ്കൂൾ ക്യാമ്പസ്<br>നവീകരണം | 478052<br>(റോഡിതര മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 36/29.12.2019 ,42/11.01.2019 | ശ്രീ.കെ. ഷംസുദ്ധീൻ.<br>03/18-19/ 08.05. 2018 | 3 മാസം | 08.05.2018 | 06.12.2018<br>എം.ബുക്ക്<br>(305/18-19<br>കരാർകാലാവധി കഴിഞ്ഞ് 22.10.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 500000 രൂപ യുടെ 3% | 15000 |
| 6 | 150/18-19<br>കാരക്കുന്ന്. പി.ടി. എം. എച്ച്..എസ്.എസ് റോഡ് റീടാറിങ്ങ് | 149985<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 06/29.05.2018 | ശ്രീ.സുമോദ്. എ.കെ<br>43/16-17/ 06.02.2017 | 6 മാസം | 06.02.2017 | 20.01.2018<br>എം.ബുക്ക്<br>(135/17-18<br>കരാർകാലാവധി കഴിഞ്ഞ് 10.01.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 149985 രൂപ യുടെ 3% | 4500 |
| 7 | 177/18-19<br>അക്കര പറമ്പ് ചെട്ട്യാർ തൊടിക റോഡ് | 155118<br>(വികസന ഫണ്ട് എസ്.സി.പി<br>ബിൽ നമ്പർ 66/31.01 .2019 | ശ്രീ.കെ.ടി.സി മമ്മദ്<br>12/17-18/ 28.12.2017 | 6 മാസം | 28.12.2017 | 22.12.2018<br>എം.ബുക്ക്<br>(257/17-18<br>കരാർകാലാവധി കഴിഞ്ഞ് 14.12.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 8 | 159/18-19<br>തെഞ്ചിരിപറമ്പ് അങ്കണവാടി റോഡ് | 200000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ നമ്പർ 66/31.01 .2019 | ശ്രീ.അബ്ദുൾ ഗഫൂർ.കെ<br>20/17-18/ 28.12.2017 | 6 മാസം | 28.12.2017 | 05.02.2019<br>എം.ബുക്ക്<br>(258/19<br>കരാർ കാലാവധി കഴിഞ്ഞ് 22.01.2019നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 169/18-19 കണ്ടങ്ങൽ കണ്ണാം പറമ്പ് റോഡ് | 52107 (മെയിന്റ നൻസ് ഗ്രാന്റ് റോഡ് ബിൽ നമ്പർ 99/27.03 .2019 | ശ്രീ.അബ്ദുൾ നിസ്സാം എം.ടി 35/17-18/ 18.01.2018 | 6 മാസം 18.01.2018 | 10.01.2019 എം.ബുക്ക് (242/18 കരാർകാലാ വധി കഴിഞ്ഞ് 24.12.2018നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 399960 രൂപ യു ടെ 3% | 11999 |
| | | | | | | | ആകെ | 76498 |

മേൽ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല.ടിഎസ് സ്ലിപ്പ് , ടെണ്ടർ നോട്ടീസ്, എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി യാണ് ചേർത്തിട്ടുള്ളത്.

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംമ്പന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/2018-19. 18.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-11 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി തുക അനുവദിച്ചു

പ്രൊജക്ട് നം. : 40/19

അടങ്കൽ : 750000/-രൂപ

നിർവ്വഹണം : ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കുന്നതിന് 3,50000/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും, 300000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും, 100000/-രൂപ ജില്ലാപഞ്ചായത്ത് വിഹിതമായും വകയിരുത്തുകയുണ്ടായി. പദ്ധതി തുക വിനിയോഗിച്ച് പന്നിക്കോട്, ചെറുവാടി, ഗോതമ്പ് റോഡ്, തോട്ടുമുക്കം എന്നീ ക്ഷീരസംഘങ്ങളിലെ 173 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ തോട്ടുമുക്കം ക്ഷീരസംഘത്തിലെ ഗുണഭോക്താവായ ശ്രീ.ഷോൺ പള്ളിക്കമ്യാലിൽ (വാർഡ് 6, ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം.49) എന്നിവർക്ക് ചുവടെ ചേർത്ത പ്രകാരം വിവിധ മാസങ്ങളിലായി പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| സബ്സിഡി അനുവദിച്ച കാലയളവ് | സബ്സിഡി തുക | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നം. | ബിൽ നം./തീയതി |
|---|---|---|---|
| 4/18 മുതൽ 7/18 വരെ | 13727 | 40183101004483 (കേരള ഗ്രാമീൺ ബാങ്ക്) | 2/18-19/14.1.2019 |
| 8/18 മുതൽ 10/18 വരെ | 9741 | ടി | ചെക്ക് നം.3351258/ 16.3.2019 |

| | | | |
|---|---|---|---|
| 11/18 മുതൽ<br>1/19 വരെ | 26196 | ടി | ചെക്ക് നം.3351257/ 16.3.2019 |
| ആകെ | 49664 | | |

ജി.ഒ.(എം.എസ്.)22/2018/ത.സ്വ.ഭ.വ./തീയതി 14.02.2018 നമ്പറായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/-രൂപയാണ്. എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താവിന് 49664/-രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം അനുവദിച്ച9664/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം. : 46/19

അടങ്കൽ : 450000/-രൂപ

ചെലവ് തുക : 446250/-രൂപ (ബിൽ നം.64216/31.01.2019)

നിർവ്വഹണം : അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം, ഗ്രാമപഞ്ചായത്തിൽ താമസക്കാരായ ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം. ആയതുപ്രകാരം ടെണ്ടർ വഴി ബിസ്സയർ പവർ സൊല്യൂഷൻസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29750/-രൂപ പ്രകാരം 15 ലാപ് ടോപ്പുകൾ വാങ്ങി.(Invoice no:BIZ/C/075/ dtd. 07.01.19)വിതരണം ചെയ്യുകയുണ്ടായി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിലെ 3ാം നമ്പർ ഗുണഭോക്താവായ നീതു.സി, D/o ഗംഗാധരൻ, ചെറുവത്ത് വീട് എന്നിവർ മുക്കം നഗരസഭയിലെ പതിനാറാം ഡിവിഷനിലെ സ്ഥിരതാമസക്കാരിയാണെന്ന് നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫാറൂഖ് കോളേജിൽ എം.എഡ് കോഴ്സിനു പഠിക്കുന്ന പ്രസ്തുത ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ് ടോപ്പ് അനുവദിച്ചു കാണുന്നു. മുക്കം നഗരസഭയിലെ സ്ഥിരതാമസക്കാരിയായ നീതുവിന് കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് ലാപ് ടോപ്പ് അനുവദിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
2. ഗുണഭോക്താക്കളായ 1.ശിശിര.പി, D/oബാബു, തെഞ്ചേരി പറമ്പിൽ, 2. ദൃശ്യ വാസു.പി.പി,D/oവാസു, പാലക്കോട്ടു പറമ്പിൽ എന്നിവർ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് അപേക്ഷാഫോറത്തിൽ തന്നെ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.
3. പല വിദ്യാർത്ഥികൾക്കും കോഴ്സ് അവസാനിക്കുന്നതിന് മാസങ്ങൾക്കു മുമ്പ് മാത്രമാണ് ലാപ് ടോപ്പ് ലഭിച്ചിട്ടുള്ളത്. ഉദാ: പ്രമിന.പി (എം.എ.രണ്ടാം വർഷാവസാനം), നിഖീൽ.ഇ.കെ. (ബി.എസ്.സി.മൂന്നാം വർഷാവസാനം, അഭിരാം.ഇ (ബ.എസ്.സി മൂന്നാം വർഷാവസാനം), ശിശിര.പി (ബി.കോം മൂന്നാം വർഷാവസാനം). 2019 ജനുവരി മാസത്തിലാണ് ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഇതുമൂലം പ്രസ്തുത വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ പഠനം സുഗമമാക്കുന്നതിന് ലാപ് ടോപ്പ് കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.ആയതിനാൽ പദ്ധതി ലക്ഷ്യംകൈവരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
4. 18.11.2017ലെ സ.ഉ.(എം.എസ്)24/2017ഐ.ടി.ഡി.പ്രകാരം സർക്കാർ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ വഴി വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ഈ നിബന്ധന പാലിക്കാതെ ടെണ്ടർ നടപടിയിലൂടെയാണ് ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.2/18-19/15.3.2020) മറുപടി ലഭിച്ചിട്ടില്ല. ഖണ്ഡിക 1ലെ അനർഹരായ ഗുണഭോക്താവ് നീതുവിന് അനുവദിച്ച ലാപ് ടോപ്പ് തിരിച്ചു വാങ്ങി അർഹരായ ഗുണഭോക്താവിന് നൽകേണ്ടതും ഖണ്ഡിക 2ലെ ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-13 മാലിന്യ സംസ്കരണത്തിനായുള്ള റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് : മാലിന്യ സംസ്കരണം (റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ്)

പ്രോജക്ട് നം : 34/19

നിർവ്വഹണം : വി.ഇ.ഒ

അടങ്കൽ : വികസന ഫണ്ട് പൊതു വിഭാഗം (സാധ) -2,00,000

ഗു.ഭോ.വിഹിതം - 2,00,000

ആകെ : - 4,00,000

ചെലവ് : 137500/-

മേൽ പ്രോജക്ടിനായി 4,00,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ഗുണഭോക്തൃ വിഹിതമായി ലഭിച്ച 68750/- (55 x1250=68750/-) രൂപ ഉൾപ്പെടെ 137500/- രൂപ മാത്രമാണ് ഇതിനായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായുള്ള ഗ്രാമസഭാ ലിസ്റ്റ് പ്രകാരം 160 പേർക്ക് (യൂണിറ്റ് കോസ്റ്റ് 2500 x 160=4,00,000/-) ഗുണം ലഭിക്കത്തക്ക രീതിയിലായിരുന്നു പദ്ധതി ആസൂത്രണം ചെയ്തിരുന്നതെങ്കിലും 55 പേർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാവാൻ മുന്നോട്ട് വന്നിട്ടുള്ളത്. Socio Economic Unit Foundation എന്ന അക്രഡിറ്റഡ് ഏജൻസിയെയായിരുന്നു റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിനുള്ള ചുമതല ഏൽപ്പിച്ചിരുന്നത്. ഗുണഭോക്തൃ വിഹിതമായ 1250/-(2500 x50%) രൂപ അടച്ച 55 ഗുണഭോക്താക്കൾക്ക് അവർ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുകയും ചെയ്തു. 160 പേർ പ്രസ്തുത പദ്ധതിക്കായുള്ള ഗ്രാമസഭ ലിസ്റ്റിലുണ്ടായിരുന്നിട്ടും 55 പേർ മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം സ്വീകരിക്കാനായി തയ്യാറായിട്ടുള്ളത്. 105 പേർ ഇതിൽ നിന്നും വിട്ടു നിൽക്കുകയാണുണ്ടായത്. ആസൂത്രണ വേളയിൽ പദ്ധതിയെക്കുറിച്ചുള്ള വേണ്ടത്ര അവബോധം ഗുഭോക്താക്കൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പും മേൽനോട്ടം വഹിക്കേണ്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല. ആയതിനാൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്.

വലിയ തുക വകയിരുത്തിയിട്ടും വേണ്ടത്ര പഠനം നടത്താത് മൂലം ലക്ഷ്യ പ്രാപ്തിയിലെത്താതെ പോകുന്ന ഇത്തരം പദ്ധതികൾ ഭാവിയിലെങ്കിലും ആവർത്തിക്കാതിരിക്കാനായി ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-14 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നം | 27/19 |
| അടങ്കൽ | 600000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 554697/- |

| | |
|---|---|
| ബിൽനം / തിയ്യതി | 9/18-19/29.08.18=164405<br>3/18-19/26.09.18=79345<br>6/18-19/14.01.19=115800<br>7/18-19/31.01.19=116740<br>9/18-19/20.03.19=78407 |

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി യോഗം ചേരൽ :

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി ഓരോ സാമ്പത്തിക വർഷത്തിനുമുമ്പും രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ്പ്രവർത്തനം വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ മിനുട്സ് പ്രകാരം 2018-19 -ൽ ഒരു തവണ മാത്രമാണ് (14.09.2018) യോഗം ചേർന്നിട്ടുള്ളത്.

2.പി.എച്ച്.സി പാലിയേറ്റീവ് ഹോംകെയർ നഴ്സിന്റെ ഹോണറേറിയം, ഡ്രൈവർ വേതനം മറ്റ് അനുബന്ധ ചെലവുകൾ സമയബന്ധിതമായി നൽകാത്തതും പദ്ധതി നടത്തിപ്പിലെ മറ്റ് ന്യൂനതകളും

ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയുടെ കീഴിൽ വരുന്ന പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഹോംകെയർ ടീമിന്റെ വേതനം അനുബന്ധ ചെലവുകൾ എന്നിവ യഥാസമയം നൽകി വരുന്നില്ല.

2015 -ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ജി.ഒ.(ആർ.ടി)3217/2015-ലെ ഖണ്ഡിക2.8.11 പ്രകാരം പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം യാതൊരു വീഴ്ചയും കൂടാതെ പ്രവൃത്തി ചെയ്ത മാസത്തിന്റെ തൊട്ടടുത്ത മാസം 10-ാം തീയ്യതിക്കകം നൽകേണ്ടതാണ്. പദ്ധതിയുടെ അംഗീകാരം വൈകിയാൽ ഹോണറേറിയം നൽകാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം തനത്ഫണ്ടിൽ നിന്നും നൽകാവുന്നതും പിന്നീട് പദ്ധതി പണം തനത്ഫണ്ടിൽ അടവാക്കാവുന്നതും ആണ്.

കൂടാതെ പാലിയേറ്റീവ് ഹോംകെയർ വാഹനത്തിന്റെ ഇന്ധനം, റിപ്പയർ, ഡ്രൈവറുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ മാർഗ്ഗരേഖയിലെ 2.6.5പ്രകാരം എച്ച്.എം.സി. ഫണ്ടിൽ നിന്നും വഹിക്കേണ്ടതും പിന്നീട് പദ്ധതി പണത്തിൽ നിന്നും എച്.എം .സി., അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്.

എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

ഉദാ- 01.04.2018 മുതൽ 31.07.2018 വരെയുള്ള 4 മാസത്തെ നേഴ്സിന്റെ ഹോണറേറിയവും 10 മാസത്തെ കുടിശ്ശികയും (10x5000=50000) 29.08.2018 ന് ബിൽ നമ്പർ 19/29.08.2018 പ്രകാരമാണ് നൽകിയിട്ടുള്ളത്. 2018 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ വേതനം 6/14.1.2019- ബില്ലിലുമാണ്(115800/-) നൽകിയിട്ടുള്ളത്. ഡ്രൈവറുടെ വേതനവും ഇപ്രകാരമാണ് നൽകിയിട്ടുള്ളത്

ക്യാൻസർ രോഗികൾ, ഹൃദയ ശ്വാസകോശ രോഗികൾ, പക്ഷാഘാതം വന്നവർ, വൃക്ക രോഗികൾ, ബുദ്ധിമാന്ദ്യം, പ്രായാധിക്യ ബുദ്ധിമുട്ടുകൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയ ദീർഘകാല ചികിത്സാ പരിചരണം എന്നിവ വേണ്ടവർക്ക് സഹായം നൽകുന്ന പാലിയേറ്റീവ് കെയർ പരിചരണ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കാനുള്ളത്. ഇതിൽ ഹോംകെയർ ടീം (ഗൃഹപരിചരണം) ആണ് പദ്ധതിയുടെ നട്ടെല്ല് ആയി പ്രവർത്തിക്കേണ്ടത്.

ഹോംകെയർ ടീമിന്റെ ചെലവുകൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 18 /19, 17/03/2020) മറുപടി ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിലെ മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമതയോടെ നടത്തുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ് .

## 1-15 വൃദ്ധർക്ക് കട്ടിൽ വിതരണം - പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ

പ്രൊജക്ട് നം.: 47/19

അടങ്കൽ : 200000/-രൂപ(വി.ഫ.(എസ്.സി)

നിർവ്വഹണം : അസി.സെക്രട്ടറി

ചെലവു തുക : 185400/- രൂപ (ബിൽ നം.9581/10.01.2019)

പട്ടികജാതി വിഭാഗത്തിൽപെട്ട 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്ന മേൽ പ്രൊജക്ട് പ്രകാരം കട്ടിലിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കടലുണ്ടിയിലെ കോസ്റ്റൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 45 കട്ടിലുകൾ വാങ്ങി വിതരണം ചെയ്യുകയുമുണ്ടായി. കട്ടിൽ ഒന്നിന് 4120/-രൂപ നിരക്കിൽ 45കട്ടിലുകൾക്ക് 185400/-രൂപ ചെലവഴിച്ചിട്ടുണ്ട് (ഇൻവോയ്സ് നം.63/26.12.2018) . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ എസ്.സി.വിഭാഗത്തിൽ പെട്ട ആളാണെന്ന് തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് പ്രൊജക്ടിലും, ജാതി സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണമെന്ന് അപേക്ഷാഫോറത്തിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കട്ടിൽ കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്നതിന് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | വാർഡ് നം, |
|---|---|
| ചന്ദ്രമതി.കെ | 1 |
| കണ്ണൻകുട്ടി മുറത്തുംമൂല | 2 |
| ദാസൻ ചെറുകുന്നത്ത് | 2 |
| നാഡിക്കുട്ടി മാട്ടുമുറിക്കൽ | 3 |
| കാർത്തികേയൻ മാട്ടുമുറിക്കൽ | 3 |
| കല്ല്യാണി തെഞ്ചീരിപറമ്പ് | 4 |
| ജാനു മൂത്തോറൻ കരിമ്പിൽ | 5 |
| രാജൻ പൂവ്വാട്ട് | 7 |
| ശങ്കരൻ ചേലാംകുന്ന് | 8 |
| ചാത്തൻകുട്ടി | 9 |
| ബാലശേഖരൻ ചിതലിപറമ്പ് | 10 |
| മണി.കെ.മണ്ണെട്ടുത്തുകുഴി | 10 |
| സരോജിനി അക്കരപറമ്പിൽ | 14 |
| വിജയൻ പാറപ്പുറത്ത് | 15 |
| ചന്ദ്രൻ.എ.കെ. | 14 |
| വാസു വരിയംചാൽ | 15 |
| സാവിത്രി നാഗൻ ചേപ്പിലങ്ങാട്ട് | 11 |
| ജാനകി വേലുക്കുട്ടി മുണ്ടശ്ശേരി | 8 |

2. 60വയസ്സ് കഴിഞ്ഞ വൃദ്ധരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ 60 വയസ്സ് കഴിയാത്ത ചക്കികുട്ടി മാട്ടുമുറിക്കൽ, ദേവകി ചേപ്പിലങ്ങാടി എന്നിവർക്ക് കട്ടിൽ നൽകിയിട്ടുള്ളതായി കാണുന്നു.

3. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ജി.ഒ.(പി) നം.259/2010 /ത.സ്വ.ഭ.വ./8.11.2010 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ അവലംബിക്കേണ്ടതാണ്. അതുപ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തി സമാഹരണം ആരംഭിക്കേണ്ടതാണ്. ഓഫീസ് ഉപകരണം, ഫർണ്ണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ചു വാങ്ങേണ്ടതാണ്. വൃദ്ധർക്ക് കട്ടിൽ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് ഓഡിറ്റു വർഷം രണ്ടു പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോ | സപ്ലൈ ചെയ്ത സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് | ചെലവഴിച്ച തുക |
|---|---|---|---|---|
| വൃദ്ധർക്ക് കട്ടിൽ (എസ്.സി.) പ്രൊജക്ട് നം.47/19 | അസി.സെക്രട്ടറി | കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | 4120/ 1കട്ടിൽ | 185400 (45 കട്ടിൽ വാങ്ങി) |
| 65വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (ജനറൽ) പ്രൊജക്ട് നം.30/19 | വി.ഇ.ഒ. | ഒളിമ്പ്യ ഇൻഡീരിയർ എന്റർപ്രൈസസ് | 3466.13/ 1കട്ടിൽ | 869999 (251 കട്ടിൽ വാങ്ങി) |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് പ്രകാരം ആഞ്ഞിലി മരത്തിൽ മറൈൻ പ്ലൈവുഡിൽ നിർമ്മിച്ച ഒരു കട്ടിലിന് 4120/-രൂപ നിരക്കിൽ ടെണ്ടർ ക്വാട്ട് ചെയ്തപ്പോൾ, അതേ സ്പെസിഫിക്കേഷനിലുള്ള ആഞ്ഞിലി മരത്തിൽ നിർമ്മിച്ച കട്ടിലിന് 3466.13/-രൂപയാണ് വി.ഇ.ഒ നിർവ്വഹണം നടത്തിയ 30/19 പ്രൊജക്റ്റിന് ഒളിമ്പ്യ ഇൻഡീരിയർ എന്റർപ്രൈസസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത്. ഒരു കട്ടിലിന്റെ വിലയിൽ 653.87/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം, കട്ടിലിന്റെ ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച വാങ്ങേണ്ടതിന് പകരം വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വെവ്വേറെ ടെണ്ടർ ക്ഷണിച്ച് വാങ്ങിയതിനാലാണ് ഇപ്രകാരം അധികം തുക നൽകേണ്ടി വന്നത്. മൊത്തം കട്ടിലുകൾ ഒന്നിച്ച് ഇ ടെണ്ടർ മുഖേന ഒളിമ്പ്യ ഇന്റീരിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ 29424/-രൂപ (653.87x45) അധികം നൽകേണ്ടി വരുമായിരുന്നില്ല.

വാങ്ങലുകൾക്ക് മേൽനോട്ടം വഹിക്കേണ്ട പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു. പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശം പാലിക്കാതെ വെവ്വേറെ വാങ്ങലുകൾ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ചയാണ്( 25.10.2018 ലെ തീരുമാനം നം.1/6, 1/9). അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18-19/16.3.2020) മറുപടി ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 185400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കി ചില സ്പിൽ ഓവർ പ്രൊജ ക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണ യിക്കുന്നത്. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP /1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ

നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവർത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യത്തിന് നിർവ്വഹണഉദ്യോഗസ്ഥൻ മുൻ തൂക്കം കൊടുക്കേണ്ടതാണ്. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 167/18-19 മുത്തു പറമ്പ് വെണ്ണക്കാട്ട് തൊടി റോഡ് AE/LSGD/29/17-18/18.01.2018 കരാറുകാരൻ-ശ്രീ.അബ്ദുൾ നിസ്സാം എം.ടി | 234879/- | 76/27.03.2019 |
| 2 | 168/18-19മഠത്തിൽ ലക്ഷം വീട് റോഡ് AE/LSGD/62/17-18/27.03.2018 കരാറുകാരൻ-ശ്രീ.അബ്ദുൾ നിസ്സാം. എം.ടി | 200000/- | 77/8-19/27.03.019 |
| 3 | 170/18-19തെനങ്ങ പറമ്പ് വളോപ്പാററോഡ് AE/LSGD/44/17-18/21.2.2018 കരാറുകാരൻ-ശ്രീ.അബ്ദുൾ ഗഫൂർ.കെ | 200000/- | 15/8-19/30.07.2018 |
| 4 | 173/18-19 നെല്ലിക്കാവള്ളി കുണ്ടുകടവ് റോഡ് AE/LSGD/43/17-18/21.02.2018 കരാറുകാരൻ-ശ്രീ.അബ്ദുൾ ഗഫൂർ | 250000/- | 16/18-19/30.07.18 |
| 5 | 170/18-19 മുത്തു പറമ്പ് കവിലട വെണ്ണക്കാട്ട് തൊടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ AE/LSGD/50/17-18/06.03.2018 കരാറുകാരൻ-ശ്രീ.ഷൈജു.എ.പി | 200000/- | 17/18-19/30.07.2018 |
| 6 | 181/18-19 കണ്ണാം പറമ്പ് പാറപ്പുറം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ AE/LSGD/49/17-18/ 05.03.2018 കരാറുകാരൻ-ശ്രീ.ഷൈജു.എ.പി | 150000/- | 20/18-19/29.09.18 |
| 7 | 143/18-19 പൂങ്കാവനം കോളനി റോഡ് AE/LSGD/22/17-18/28.12.2017 കരാറുകാരൻ-ശ്രീ.ഷിനിൽ.കെ.എം | 244250/- | 1/18-19/29.5.18 |
| 8 | 149/18-19 എട്ടീരത്തിൽ പാറക്കൽ റോഡ് AE/LSGD/19/17-18/28.12.2017 കരാറുകാരൻ-ശ്രീ. അബ്ദുൾ ഗഫൂർ | 190600/- | 08/18-19/29.05.18 |
| 9 | 148/18-19 കാരാളി പറമ്പ് പൈങ്ങോട്ടിൽ റോഡ് | 99990/- | 03/18-19/29.05.18 |

| | | | |
|---|---|---|---|
| | AE/LSGD/32/17-18/18.01.2018<br>കരാറുകാരൻ-ശ്രീ.അബ്ദുൾ നിസാർ .എം.ടി | | |
| 10 | 164/18-19 ഗോതമ്പ് റോഡ് മാവായി റോഡ്<br>AE/LSGD/74/17-18/31.03.2018<br>കരാറുകാരൻ-ശ്രീ.കെ.ടി.സി.മമ്മദ് | 67671/- | 65/18-19/31.01.2019 |
| 11 | 177/18-19 അക്കര പറമ്പ് ചെട്ട്യാർ തൊടിക റോഡ്<br>AE/LSGD/12/17-18/28.12.2017<br>കരാറുകാരൻ-ശ്രീ.കെ.ടി.സി. മമ്മദ് | 155118/- | 66/18-19/31.01.2019 |
| 12 | 145/18-19 വെളുത്തേടത്ത് കുളങ്ങര റോഡ്<br>AE/LSGD/14/17-18/28.12.2017<br>കരാറുകാരൻ-ശ്രീ.കെ.ടി.സി.മമ്മദ് | 250000/- | 7/18-19/29.05.18 |
| 13 | 159/18-19 തെഞ്ചീരി പറമ്പ് അങ്കൺ റോഡ്<br>AE/LSGD/20/17-18/28.12.2017<br>കരാറുകാരൻ-ശ്രീ.അബ്ദുൾ ഗഫൂർ | 200000/- | 75/18-19/27.03.19 |
| 14 | 169/18-19 കണ്ടങ്ങൾ കണ്ണാം പറമ്പ് റോഡ്<br>AE/LSGD/35/17-18/18.01.2018<br>കരാറുകാരൻ-ശ്രീ.അബ്ദുൾ നിസ്സാം | 52107/- | 99/18-19/27.03.17 |
| 15 | 166/18-19പള്ളിത്താഴ കൈതപ്പോയിൽ റോഡ്<br>AE/LSGD/21/17-18/28.12.2017<br>കരാറുകാരൻ-ശ്രീ.അബ്ദുൾ ഗഫൂർ | 395770/- | 18/18-19/30.07.18 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (4/18-19/18.03.2020) നൽകിയിരുന്നു. കോസ്റ്റ് ഇനത്തിൽ കരാറുകാർക്ക് നൽകിയ അധിക തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-17 ടെണ്ടർ ഫോറങ്ങൾ തിരുത്തൽ വരുത്തി കരാറുകാർക്ക് ഇളവ് അനുവദിയ്ക്കുന്നത് മൂലം പഞ്ചായത്തിന് നഷ്ടം

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ചില പ്രവൃത്തികളുടെ ടെണ്ടർ ഫയലുകളിൽ കരാറുകാർ ക്വോട്ട് ചെയ്ത നിരക്കുകളിൽ നിയമ വിരുദ്ധമായ വെട്ടിത്തിരുത്തലുകൾ വരുത്തി അനർഹരായ കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | റിമാർക്സ് |
|---|---|
| എസ്,ഒ. 52/2018-19 ഉച്ചക്കാവ് കുവ്വപ്പാറ റോഡ് റീ ടാറിങ്ങ്<br>അടങ്കൽ- 200000<br>ചെലവ്-200000<br>ബിൽ നമ്പർ -56/22.01.2019 | **2 പേരാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ശ്രീ.അബ്ദുൾ മജീദ് എന്ന കരാറുകാരൻ 4 % above ക്വോട്ട് ചെയ്തു. 2.2 % below എന്ന് അക്കത്തിലും അക്ഷരത്തിലും എഴുതി ക്വോട്ട് ചെയ്ത ശ്രീ. ഷിനിൽ കെ.എം എന്ന കരാറുകാരന്റെ ടെണ്ടർ estimate rate എന്ന് തിരുത്തിയാണ് എസ്റ്റിമേറ്റ് റേറ്റിൽ പ്രവർത്തി ഏൽപിച്ചിട്ടുള്ളത്** |
| എസ്,ഒ. 96/18- 19<br>കാഞ്ഞിക്കുളം കോളനി റോഡ്<br>അടങ്കൽ- 400000 | **2 പേരാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.<br>ശ്രീ. .ആർ രഘു പ്രസാദ് സമർപ്പിച്ചിട്ടുള്ള<br>10.2 below എന്ന് ക്വാട്ട്ചെയ്ത ടെണ്ടർ തിരുത്തി<br>6.2% below എന്നാക്കി ശ്രീ.അബ്ദു റഹിമാൻ എൻ.കെ എന്ന കരാറുകാരന്റെ 8.23% below റേറ്റിൽ ആണ് പ്രവർത്തി** |

| | |
|---|---|
| ചെലവ്-355641<br>ബിൽ നമ്പർ -97/27.03.2019 | **നടത്തിയിട്ടുള്ളത്.** |
| എസ്,ഒ. 161/18- 19<br>കൊട്ടപ്പുറത്ത് കുളം റോഡ്<br>അടങ്കൽ- 100000<br>ചെലവ്-94990<br>ബിൽ നമ്പർ -23/30.10.2018 | **ശ്രീ. അബ്ദുൾ നിസ്സാം എന്ന കരാറുകാരന് 5.5 % belowഎന്നെഴുതിയ ടെണ്ടർ തിരുത്തി 0.01% below എന്നാക്കിയാണ് പ്രവൃത്തി നൽകിയിട്ടുള്ളത്.** |

ടെണ്ടർ ഫോറത്തിൽ വരുത്തിയിട്ടുള്ള തിരുത്തലുകളൊന്നും ടെണ്ടർ ഫോറത്തിന്റെ അവസാന ഭാഗത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.2 പ്രകാരം ടെണ്ടറിലെ നിസ്സാര പിശകുകൾ മാപ്പാക്കാനും തിരുത്താനും നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ട്. നിസ്സാര പിശകുകൾ എന്തെല്ലാമെന്ന് ഇതിൽ വിശദീകരിക്കുന്നുണ്ട്. ക്വോട്ട് ചെയ്ത റേറ്റ് തിരുത്തുക എന്നത് ഇതിൽ വരുന്നില്ല. മറ്റു പല പ്രവർത്തികളിലും ക്വൊട്ട ചെയ്ത നിരക്കിലെ തെറ്റുകൾ തിരുത്തിയത് സാക്ഷ്യപ്പെടുത്തി പ്രവൃത്തി നൽകിയിട്ടുണ്ട്. ഉദാഹരണം പുതുക്കുടിക്കുന്ന് കോളനി റോഡ് (162/18-19), ശാന്തി നഗർ കോളനി റോഡ് കോൺക്രീറ്റ് (158/18-19). ക്വാട്ട് ചെയ്ത നിരക്കിൽ തിരുത്തലുകൾ വരുത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ പ്രസ്തുത ടെണ്ടർ സ്വീകരിച്ചത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 നികുതി ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 80 /19 യമുനത്തോട് തടയണനിർമ്മാണം

അടങ്കൽ - 600000 വികസന ഫണ്ട്-30600,തനത് ഫണ്ട്- 569400

ചെലവ് - 483045 (തനത് ഫണ്ട്)

ചെക്ക് നമ്പർ,തിയ്യതി - 5005399/29.03.2019

കരാറുകാരൻ - ശ്രീ.അബ്ദുൾ നിസ്സാം എം.ടി

കരാർ - 83/18-19/01.02.2019

മേൽ പ്രവർത്തി 14.03.2019 ന് പൂർത്തിയാക്കുകയും തനത് ഫണ്ടിൽ നിന്ന് 483045രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. ആകെ പ്രവർത്തിമൂല്യം 513644.59 ആണ് (എം-ബുക്ക് നം- 278/17-18) .ഇതിൽ 2018-19 വർഷത്തിൽ അനുവദിച്ച 483045 രൂപയിൽ നിന്ന് ജി.എസ്.ടി, ആദായ നികുതി, തൊഴിലാളി ക്ഷേമ നികുതി എന്നിവയൊന്നും ഈടാക്കിയിട്ടില്ല. വികസന ഫണ്ടിൽ നിന്ന് നികുതി ഈടാക്കാൻ തീരുമാനിച്ചതാണെങ്കിൽ ആ ബിൽ 2018-19 വർഷത്തിൽ സമർപ്പിച്ചിട്ടില്ല. (ക്യൂ ബില്ലിലും ഉൾപ്പെട്ടിട്ടില്ല). 2018-19 വർഷത്തിൽ അനുവദിച്ച ബിൽ തുകയിൽ നിന്ന് നികുതികളൊന്നും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം

പ്രൊജക്ട് നം. : 21/2019

അടങ്കൽ : 3,00,000/-രൂപ

ചെലവ് തുക : 3,00,000/-രൂപ (ബിൽ നം.1/18-19/12.09.2018)

നിർവ്വഹണം : ഹോമിയോ മെഡിക്കൽ ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം കൊടിയത്തൂർ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിന് 3,000,00/-രൂപ 12-9-2018 -ന് ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിററു ചെയ്തിട്ടുണ്ട്. മരുന്നിന്റെ വില മുൻകൂറായി നൽകി 10 മാസത്തോളം പിന്നിട്ടതിനുശേഷമാണ് മരുന്നുകൾ പൂർണ്ണമായും ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| മരുന്നിനായി അടവാക്കിയ തുക | തീയതി | ഇൻവോയ്സ് നം./തീയതി | മരുന്നിന്റെ വില | മരുന്ന് ലഭ്യമായ തിയ്യതി | മരുന്നു ലഭിക്കുന്നതിലെ കാലതാമസം |
|---|---|---|---|---|---|
| 3,00,000/- | 2-9-2018 | LF-1657 DT. 16-3-2019 | 1,56,225 | 1-4-2019 | 7 മാസം |
| | | LF-469 DT. 20-6-2019 | 1,43,115 | 5-7-2019 | 10 മാസം |

മരുന്നിന്റെ വില അടവാക്കി 7 മാസം പിന്നിട്ടതിനുശേഷം 1,56,225/-രൂപയുടെ മരുന്നും, 10 മാസത്തോളം പിന്നിട്ടപ്പോൾ 1,43,115/-രൂപയുടെ മരുന്നുമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിൽ വളരെ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്രയും കാലതാമസം വരുത്തിയിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി, എന്നിവരുടെ ഭാഗത്തു നിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ലെന്ന് മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം തുക മുൻകൂറായി അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ 3,00,000/-രൂപ മുൻകൂറായി നൽകിയപ്പോൾ ഹോംകോയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ഒപ്പുവെച്ചതായി കാണുന്നില്ല. മരുന്നുകൾ ലഭിക്കാനുണ്ടായ കാലതാമസത്തിന് വിശദീകരണം നൽകേണ്ടതാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിററിയായി പ്രവർത്തിച്ച് പദ്ധതി നിർവ്വഹണം ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്. പദ്ധതി നിർവ്വഹണ വേളയിൽ സർക്കാർമാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കൃഷി പ്രോത്സാഹനം -വനിതകൾക്ക് ഗ്രോബാഗ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പദ്ധതി നമ്പർ :4/19

അടങ്കൽ :466720/-

ചെലവ് :350000/- (വികസനഫണ്ട്)

ബിൽ നമ്പർ തുക

11/30.1.19 263700

12/6.2.19 86300

വനിതകൾക്ക് ഗ്രോബാഗ് ഉൾപ്പടെ തൈകൾ വിതരണം ചെയ്യുന്നതാണ് പദ്ധതി. പഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ 16 വാർഡുകളിലായി ആകെ 543 പേരാണുള്ളത്. കൊടിയത്തൂർ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ഒരു തൈക്ക് 80/-രൂപ നിരക്കിൽ 5834 തൈകളാണ് വാങ്ങിയിരുന്നത്. വിലയുടെ 25% ഗുണഭോക്തൃ വിഹിതമാണ്. വാങ്ങിയ തൈകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മുൻഗണനയനുസരിച്ച് വിതരണം ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം തൈകൾ വിതരണം ചെയ്തതിന്റെ രേഖ

നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പകരം വാർഡ് കൺവീനർമാർ ഗ്രോബാഗുകൾ കൈപ്പറ്റിയതിന്റെ രേഖയാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്.

പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. ഗുണഭോക്തൃലിസ്റ്റിലെ അംഗീകൃത ഗുണഭോക്താക്കൾക്ക് തൈകൾ നൽകുന്നതിന് പകരം കൺവീനർമാർക്ക് തൈകൾ വിതരണം ചെയ്തത് ശരിയായ നടപടിക്രമമല്ല. തൈകൾ ഗുണഭോക്താക്കൾക്ക് കൈപ്പറ്റിയതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ജി.ഒ. (എം.എസ്)22/2018 ത.സ്വ.ഭ.വ 14.02.18- സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ഥല വിസ്തൃതി കണക്കിലെടുത്ത് പരമാവധി എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. തൈകൾ വിതരണം നടത്തുമ്പോൾ ഇത് പരിഗണിച്ചില്ല.

3. കൃഷി വകുപ്പ് പദ്ധതി പ്രകാരം തൈകൾ വീണ്ടും നൽകിയിട്ടില്ലെന്നും കർഷക ഗ്രൂപ്പുകൾ ഗുണഭോക്താക്കൾ സ്വയം രൂപീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.എന്നാൽ പ്രസ്തുത സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. നാല് പേർ സാക്ഷ്യപ്പെടുത്തിയ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉൾപ്പെട്ടത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്.

പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 27/19 , 17/03/2020) മറുപടി ലഭ്യമായിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഗ്രോബാഗ് പദ്ധതിക്കായി ചെലവഴിച്ച 350000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 മൃഗ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതി-രേഖകൾ ഹാജരാക്കുന്നത് സംമ്പന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

| പദ്ധതി | ചെലവ് | റിമാർക്ക്സ് |
|---|---|---|
| എസ്.ഒ41/19<br>പ്രത്യോക കന്നുകുട്ടി പരിപാലന പദ്ധതി | 206250 /-<br>(വികസന ഫണ്ട്- 201980 – ബിൽ നമ്പർ ,തിയ്യതി 1/ 2018-19 /19.01.2019 .<br>തനത് ഫണ്ട്-4270 ചെക്ക് നമ്പർ- 31582128 /19.01.2019) | മൃഗസംരക്ഷണ വകുപ്പു വഴി നടപ്പാക്കുന്ന<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെനടത്തിപ്പിനായി<br>33 ഗുണഭോക്താക്കൾക്ക്<br>6250 രൂപ വീതം 206250 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിനിയോഗ<br>സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| എസ്.ഒ44/19<br>പട്ടിക വർഗ്ഗ<br>കുടുംബങ്ങൾക്ക് പശു | 129000/-<br>(വികസന ഫണ്ട്-<br>(ടി.എസ്.പി ) - ബിൽ നമ്പർ , തിയ്യതി 3/ 2018-19 /22.02.2019, 4/18-19/13.03.2019 | 1- ഈ പദ്ധതി പ്രകാരം പശുവിനെ ലഭിച്ചി ട്ടുള്ള ശ്രീ. രാജേഷ് കണ്ടം പുലിക്കാവ് എന്ന ഗുണഭോക്താവ് പട്ടിക വർഗ്ഗ വിഭാഗത്തി ൽ പെട്ടതാണെന്ന് തെളിയിക്കുന്ന സർട്ടിഫി ക്കറ്റ് ഹാജരാക്കിയിട്ടില്ല<br>1- ഈ പദ്ധതി പ്രകാരം പശുവിനെ |

| | | |
|---|---|---|
| | | ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടിക വർഗ്ഗ വകുപ്പിൽ നിന്ന് ഈ വർഷം ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടിക വർഗ്ഗ വികസന വകുപ്പ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| ആകെ | 335250 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ്എൻക്വയറി.നം.(7/ 18-19 തിയ്യതി 18.03.2020) നൽകിയിരുന്നു. രേഖകൾ ഹാജരാക്കുന്നത് വരെ 335250 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 അമൃതം ന്യൂട്രിമിക്സ് - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര പരിപാടി (പ്രോജക്ട് നം-37/19)പ്രകാരം മാവൂരിലെ 'ഉണർവ് ഫുഡ് പ്രോഡക്ട്സിൽ'നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങി അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റിന് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിയതായി കാണുന്നില്ല. സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ: 21 /19, 17/03/2020)മറുപടി ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 എസ്.എസ്.എ.പദ്ധതി യുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 22/19

അടങ്കൽ - 500000

ചെലവ് - 500000

ബിൽ നമ്പർ,തിയ്യതി - 2/18-19/30.07.2018)

പഞ്ചായത്തിൽ എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി 500000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ ഗ്രാമപഞ്ചായത്തിൽ മൊത്തം നടപ്പാക്കിയ 7629000 രൂപയുടെള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാര മുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ ആവശ്യകതയ്ക്കനുസരിച്ചായിരിക്കണം പദ്ധതികൾ ആവിഷ്കേകരിക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക പരിശീലനം സംഘടിപ്പിക്കുക, തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പ്രൊജക്ടുകളൊന്നും എസ്.എസ്.എ യിൽ നടത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. **പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് അധികമായി ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു**

പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ. (ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്.

**2. കണക്ടിവിറ്റി മാപ്പില്ലാതെ റോഡു പ്രവർത്തികൾ നടപ്പിലാക്കുന്നു**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻവർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കിയത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതി കളാണ് തയ്യാറാക്കി നടപ്പി ലാക്കുന്നത് .

3. **റോഡു റജിസ്റ്റർ ഹാജരാക്കിയില്ല**

റോഡ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള റോഡ് പ്രവർത്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിലാണോ എന്ന് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

**4. ആസ്തി റജിസ്റ്റർ പൂർണമല്ല.**

ആസ്തി രജിസ്റ്റർ കാലാനുസൃതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കിയിട്ടില്ല പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ ആസ്തി റജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ഉദാഹരണം 1.കുമന്തൊടി കോളനി

റോഡ്(ആസ്തി റജിസ്റ്ററിൽ ക്ലമന്തൊടി റോഡ് എന്നാണ് പേര്, നടപ്പാക്കിയ പ്രവർത്തി ആസ്ത്തിറജിസ്റ്ററിൻ ചേർത്തിട്ടില്ല.), 2. കാഞ്ഞിക്കുളം കോളനി റോഡേ (ആസ്തി റജിസ്റ്ററിൽ ഇല്ല) 3. തെനങ്ങാ പറമ്പ് മൂപ്പരിച്ചാൽ റോഡ് (2018-19 വർഷത്തെ പ്രവർത്തി ആസ്തി രജിസ്റ്ററിൻ ചേർത്തിട്ടില്ല

5. <u>പ്രവർത്തികളുടെ എണ്ണത്തിലുള്ള ബാഹുല്യം ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു</u>

പഞ്ചായത്ത് തൻ വർഷം 136 പൊതുമരാമത്ത് പ്രവർത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട് . ഇതിൽ 38 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഈ പ്രവർത്തികൾക്ക് വേണ്ടി വകയിരുത്തിയ തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 50 സ്പിൽ ഓവർപ്രവർത്തികൾക്ക് തുക വകയിരുത്തി ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (5 /2018-19 18.03.2020) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 മുത പറമ്പ് എസ്.സി പഠന വീട് ഫർണിച്ചർ ലഭ്യമാക്കൽ പദ്ധതി -ഫർണിച്ചറുകൾ സ്ഥാപനത്തിന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 26/19

അടങ്കൽ - 50000

ചെലവ് - 50000

ബിൽ നമ്പർ,തിയ്യതി - 4/18-19/23.03.2019)

പഞ്ചായത്തിലെ മുതംപറമ്പ് എസ്.സി പഠന വീട്ടിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കാഡ്കോയിൽ നിന്ന് ആഞ്ഞിലി മരത്തിലുള്ള 6 മേശകളും കസേരകളും വാങ്ങിയിട്ടുണ്ട്. ഇത് ഹെഡ് മാസ്റ്റർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത് വാർഡ് മെമ്പർക്കാണ്. വാർഡ് മെമ്പർ ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ രേഖയാണ് ഫയലിൽ ഉള്ളത്. എസ്.സി പഠനവീട്ടിൽ ഫർണിച്ചർ ലഭ്യമായതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം10/ 18-19 തിയ്യതി 18.03.2020) മറുപടി ലഭിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 വാഴകന്ന് വിതരണം (വനിത)-പദ്ധതി നടപ്പാക്കിയതിലെ അപാകത

പ്രൊജക്ട് നമ്പർ :10/19

അടങ്കൽ :82800/-(വികസന ഫണ്ട്)

ചെലവ് : 82800/- ബിൽ നം :6/19.1.19

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ചെറുകിട നാമമാത്രമായ കർഷകർ, കർഷക ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് വാഴകന്നുകൾ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ എന്ന സ്ഥാപനത്തിൽ നിന്നും (Invoice No VFPCK/KKD/18-19/015 dtd 19.11.18) 4600 വാഴ കന്നുകൾ 82800/- രൂപക്ക് വാങ്ങുകയുണ്ടായി. ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കൾക്ക് ശരാശരി 10 എണ്ണം വീതം വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. സർക്കാരിന്റെ ജി.ഒ(എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 നമ്പറായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത് . എന്നാൽ ഇക്കാര്യം പരിഗണിക്കാതെയാണ് ഇവിടെ വാഴക്കന്നുകൾ വിതരണം ചെയ്തിട്ടുള്ളത്. ശരാശരി 10 തൈകൾ വീതം വിതരണം ചെയ്തതിന്റെ മാനദണ്ഡം വ്യക്തമല്ല.
2. വിതരണ രജിസ്റ്ററിൽ കന്നുകൾ വിതരണം ചെയ്ത തീയ്യതി രേഖപ്പെടുത്തിയില്ല.
3. ഗുണഭോക്താവിന്റെ അപേക്ഷ, കൃഷി സ്ഥലത്തിന്റെ ഉടമസ്ഥത, വിസ്തീർണ്ണം എന്നിവ തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
4. കൃഷി ഓഫീസറും 3 അംഗങ്ങളും ഒപ്പ് വച്ച മോണിറ്ററിങ് റിപ്പോർട്ടിൽ ഗുണമേൻമയുള്ള കന്നുകൾ സമയബന്ധിതമായും മാനദണ്ഡമനുസരിച്ചും വിതരണം ചെയ്തതായും പദ്ധതിപണം വിനിയോഗിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയിൽ കൃഷി ഓഫീസർ കണവീനറാകുവാൻ പാടുള്ളതല്ല. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.
5. മേൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 26 /19 , 17/03/2020) മറുപടി ലഭ്യമായിട്ടില്ല.

ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടതെങ്കിലും മാനദണ്ഡംപാലിക്കാതെ നിരവധി പേർക്കായി വീതിച്ച് തൈകൾ വിതരണം ചെയ്ത കാരണത്താൽ കന്നുകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ വേണ്ട വിധം നട്ട് പരിപാലിച്ചതായി പരിശോധന നടത്തിയോ എന്ന് വ്യക്തമല്ല. കൃഷിയുടെ പുരോഗതി പരിശോധനക്ക് വിധേയമാക്കാത്തതിനാൽ ഉൽപ്പാദന വർദ്ധനവ് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്ന സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കാർഷിക ഇടപെടൽ നടത്താത്തതിനാൽ പ്രൊജക്റ്റുകൾ കൊണ്ടുള്ള ഉൽപാദന വർദ്ധനവ് ,സാമ്പത്തിക പുരോഗതി എന്നിവ വിലയിരുത്താൻ സാധിച്ചിട്ടില്ല. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം

2017 മുതൽ 2022 വരെയുള്ള 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പ് വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാല്വ വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്റ്റുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുകയുമാണ് ചെയ്തു വരുന്നത്. അടുത്ത 5 വർഷത്തിനുള്ളിൽ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുകയാണ് പദ്ധതി ലക്ഷ്യം.

1. സർക്കാർ/ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തി മുൻകാലങ്ങളിൽ ഭവന നിർ മ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക.

2. പാവപ്പെട്ട ഭവന രഹിതരിൽ സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കുക.

3. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുകയും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുകയും ചെയ്യുക.

4. പാവപ്പെട്ട എല്ലാ ഭൂരഹിത – ഭവന രഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നിർമ്മിച്ച നൽകുക.

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത കുടുംബങ്ങൾ

മുൻ വർഷങ്ങളിൽ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചുവെങ്കിലും പല കാരണങ്ങളാൽ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പുവരുത്തി പട്ടിക തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച ശേഷം ലൈഫ് MIS -ൽ ഉൾപ്പെടുത്തി. ലൈഫ് മിഷൻ നിർദ്ദേശ പ്രകാരം പ്രസ്തുത പട്ടികയിൽ നിന്നും ഭൗതികമായി ഭവന നിർമ്മാണം പൂർത്തിയാക്കിയവരേയും, സ്ഥലം വിറ്റു പോയവരേയും, മരണപ്പെട്ടവരേയും ഒഴിവാക്കിയ ശേഷം ഗുണഭോക്താക്കളായി 5പേർ ഉണ്ടായിരുന്നു. പ്രസ്തുത ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും ഭവന നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തു. ഇതിൽ രണ്ട് പേർ 2017-18-ലും 3 പേർ 2018-19-ലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയ ഐ.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട 18 ഗുണഭോക്താക്കളും കെടിയത്തൂർ പഞ്ചായത്തിൽ ലൈഫ് phase-1-ൽ ഉൾപ്പെട്ടിരുന്നു. ഇവരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2.സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ കുടുംബങ്ങൾ

കുടുംബശ്രീ പ്രവർത്തകരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സർവ്വേ പ്രകാരം കണ്ടെത്തിയ ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ നിന്നും അർഹരായവരുടെ പട്ടിക പഞ്ചായത്ത് ഉദ്യോഗസ്ഥർ ഫീൽഡ്തല പരിശോധന നടത്തി തയ്യാറാക്കുകയും അതത് ഗ്രാമ സഭകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകാരം നൽകിയ ശേഷം ലൈഫ് MIS-ൽ ഉൾപ്പെടുത്തുകയും ചെയ്തു. ഭവന രഹിതരായി 88 കുടുംബങ്ങളും ഭൂരഹിതരുടെ ലിസ്റ്റിൽ 58 കുടുംബങ്ങളും ഉണ്ടായിരുന്നു. 88 ഭവനരഹിത കുടുംബങ്ങളിൽ നിന്ന് അന്തിമ പരിശോധനയിൽ 67 പേരെ അർഹരായി കണ്ടെത്തുകയും 65 കുടുംബങ്ങൾ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമി ലഭ്യമായ 5 ഗുണഭോക്താക്കൾക്കും ആദ്യ ഘട്ടത്തിൽ ധനസഹായം അനുവദിച്ചു. ആകെ ഭവന നിർമ്മാണം ആരംഭിച്ച 70 ഗുണഭോക്താക്കളിൽ 66 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ ലൈഫ് പ്രോജക്ടിനായി വകയിരുത്തിയ തുകയുടേയും ചെലവായ തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|
| ലൈഫ് ജനറൽ | 2,04,00,000 | 1,31,00,000 |
| ലൈഫ് എസ്.സി | 56,00,000 | 36,10,000 |

3.ഭൂരഹിത- ഭവന രഹിത കുടുംബങ്ങൾ

ലൈഫ് മൂന്നാം ഘട്ടത്തിൽ ഭൂരഹിതരായി 58 ഗുണഭോക്താക്കളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ സ്ഥലം ലഭ്യമായ 5 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും ഇവർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

അടുത്ത 5 വർഷത്തിനുള്ളിൽ പഞ്ചായത്ത് പ്രദേശത്ത് സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം മുൻ നിർത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവു പുലർത്തി പുരോഗമിക്കുന്നുണ്ട് .

## 1-28 ഡിപ്പോസിററ് പ്രവൃത്തി-വിനിയോഗം സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി, എന്നീ സ്ഥാപനങ്ങളിലായി ചുവടെ ചേർത്ത പ്രകാരം തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ട്.

| ക്രമനം. | പ്രവൃത്തിയുടെ പേര്/പ്രൊജക്ട് നം. | ഡിപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി | ബിൽ നം./ ചെക്ക് നം/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (കീഴപ്പറമ്പ് സെക്ഷൻ) | 117833 | കെ.എസ്.ഇ.ബി. | ബിൽ നം.15652/ 19.11.2018(ആകെ.759349) |
| 2. | ചാത്തപ്പറമ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000 | കേരള വാട്ടർ അതോറിറ്റി | ബിൽനം55472/ 14.1.2019 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടത് അനിവാര്യമാണ്. സർക്കാർ ഉത്തരവ് ഖണ്ഡിക 11.2 (ഡി) (iv) പ്രകാരം ഡിപ്പോസിററ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടികൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 ഹരിത കേരളം പദ്ധതി നടപ്പാക്കൽ : അവലോകനം

ജി.ഒ (എം.എസ്) 11/2018/ തസ്വഭവ തിയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ചുള്ളവയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ജൈവ കൃഷിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം, തരിശുഭൂമി കൃഷി കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ പ്രോൽസാഹിപ്പിച്ച് നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖല സ്വയം പര്യാപ്തമാക്കുക എന്നിവയാണ്ഹരിത കേരള മിഷന്റെ ലക്ഷ്യം. 2018-19ൽ ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കാർഷിക മേഖലയുടെ സമഗ്ര വികസനം എന്ന ലക്ഷ്യം കൈവരിക്കത്തക്ക വിധമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കാർഷിക മേഖലയിൽ പദ്ധതികൾനടപ്പിലായിട്ടില്ല. മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല. ഇത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥനോ സ്റ്റാന്റിങ്ങ് കമ്മറ്റിയോ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പോ നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടില്ല.

കാർഷിക മേഖലാ വർക്കിങ്ങ് ഗ്രൂപ്പ് 08.10.2018, 1.12.2018, എന്നീ തിയ്യതികളിൽ ചേർന്ന യോഗങ്ങളിൽ തരിശു ഭൂമിയിൽ പച്ചക്കറികൃഷി, തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനത്തോടെ കൃഷിയ്ക്ക് അനുയോജ്യമാക്കുന്ന പദ്ധതികൾ എന്നിവ നിർദ്ദേശിച്ചുവെങ്കിലും ഒന്നും നടപ്പിലാക്കിയിട്ടില്ല.

ജനകീയാ സൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് ഇപ്പോഴും നടപ്പിലാക്കി വരുന്നത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് ഉപയോഗപ്പെടുത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികൾ കാർഷിക മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-30 ശുചിത്വമിഷൻ ഫണ്ട്-ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ 16 വാർഡുകളിലേക്കായി 160000/-രൂപ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. വാർഡ് ശുചിത്വ കൺവീനർമാരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതായി ഫയലിൽ കാണുന്നു. ചെറുവാടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ 7/6/18 ന് 160000/- രൂപ കൈപ്പറ്റിയതിന്റെ രശീതും ഫയലിലുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിന് ലഭിച്ച തുക വാർഡിൽ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ: 23 /19 , 18/03/2020) മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുക 160000/- രൂപ തടസ്സത്തിൽ വെക്കുന്നു. മുഴുവൻ ചെലവിന്റെയും വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

2018-19 കാലഘട്ടത്തിൽ കൊടിയത്തൂർ പഞ്ചായത്ത് അന്യായക്കാരായും എതിർ കക്ഷിയായും ധാരാളം കേസ്സുകൾ പല കോടതികളിലായി ഉള്ളതായി സ്യൂട്ട് രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കേസ്സുകൾ ഫയൽചെയ്തത് ആരാണെന്നും, ആർക്കെതിരെയാണെന്നും വ്യക്തമല്ല. മാത്രവുമല്ല കേരള ഹൈക്കോടതിയിലും മറ്റ് കോടതികളിലും നിലവിൽ പല കേസ്സുകൾ ഉള്ളതായി സ്യൂട്ട് രജിസ്റ്റർ പ്രകാരം രേഖ പ്പെടുത്തിയിട്ടുണ്ടെങ്കിലും ആ കേസ്സുകൾ എപ്പോൾ തീർപ്പായെന്നും ,ആർക്ക് അനുകൂലമായാണ് വിധി ആയതെന്നും സ്യൂട്ട് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Page 45 ൽ cr.Appeal No.15/19 നമ്പർ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി രേഖപ്പെടുത്തിയിട്ടില്ല. കോടതിയുടെ ഓൺലൈൻ സൈറ്റ് പരിശോധിച്ചതിൽ 3.2.2020 ന് കേസ്സ് Dismiss ചെയ്തതായി കാണുന്നുണ്ട്. കേസ്സിന്റെ അന്തിമ വിധി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
2. മേൽ പ്രസ്താവിച്ച കേസ്സിൽ 22/7/19 ന് 5000 രൂപ വക്കീലിന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല.
3. പേജ് നമ്പർ 42 ൽ o.s.894/18 ആയ munsiffകോടതി കോഴിക്കോട് II A മുമ്പാകെ സ്യൂട്ട് നിലവിലുള്ളതായി കാണുന്നുണ്ട്. എന്നാൽ കോടതിയുടെ ഓൺലൈൻ സൈറ്റ് പ്രകാരം 22.11.19 ന് പ്രസ്തുത കേസ്സ് താമരശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നുണ്ട്. അതുപോലെ Page 41 രേഖപ്പെടുത്തിയ o.s.742/18 കേസ്സും താമരശ്ശേരി കോടതിയിലേക്ക് 6.11.19 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.
4. സ്യൂട്ട് രജിസ്റ്ററിൽ പല കേസ്സുകളും ഇപ്പോൾ നിലവിലുണ്ടോ അതോ ഡിസ്പോസ്ഡ് ആയതാണോയെന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല കേസുകൾ കഴിഞ്ഞതാണെങ്കിൽ ആയത് ആർക്ക് അനുകൂലമായാണ് വിധി ആയതെന്നും രജിസ്റ്റർ കൊണ്ട് വ്യക്തമല്ല.

   ഉദാ- page 29 o.s.242/16

   page 30 o.p (pL)32/16

   page 33 o.s. 449/16

   page 35 o.s.112/17

   page 36 wp(c)4375/17
5. പല കേസ്സുകളുടെ നമ്പറും ,ഏത് തരം കേസ്സാണെന്നോ ,കേസ്സ് ഏത് കോടതിയിൽ ആണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ഉദാ- page 26.

   ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 24 /19 , 17/03/2020)മറുപടി ലഭ്യമായിട്ടില്ല.

   സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-32 തൊഴിലുറപ്പ് പദ്ധതി-തൊഴിൽ കാർഡ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, തൊഴിലുറപ്പ് പദ്ധതിക്കായി അപേക്ഷിച്ചവരുടെ വിവരങ്ങൾ തൊഴിൽ കാർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. 6/2015-ന് ശേഷം 2019-ലെ രജിസ്ട്രേഷനുകളാണ് തുടർച്ചയായി രേഖപ്പെടുത്തി കാണുന്നത്. രേഖപ്പെടുത്തിയ രജിസ്ട്രേഷനുകളിൽ തന്നെ വിവരങ്ങൾ പൂർണ്ണമായി ചേർത്തി വരുന്നില്ല. ഫോട്ടോ പതിക്കാത്തതും, മേൽവിലാസം രേഖപ്പെടുത്താത്തതും

ഉദ്യോഗസ്ഥൻ ഒപ്പം തീയ്യതിയും രേഖപ്പെടുത്താത്തതുമായവ നിരവധിയുണ്ട്. ഉദാ-w-11 രജിസ്ട്രേഷൻ നമ്പർ 11/143(പ്രമീള), 11/144(ഫാത്തിമ തെങ്ങിൻചാലിൽ) ,11/145 (ഫാത്തിമ).

നിയമാനുസൃതം രജിസ്ട്രേഷൻ വിവരങ്ങൾ 14 ദിവസത്തിനകം നടപടികൾ പൂർത്തിയാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 16 വാർഡുകളിലെ രണ്ടായിരത്തിലധികം(2017-18 പ്രകാരം) അപേക്ഷാ വിവരങ്ങൾ പൂർണ്ണമായും തൊഴിൽ കാർഡ് രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല.
തൊഴിൽ കാർഡ് രജിസ്റ്ററും തൊഴിൽ കാർഡ് പകർപ്പും പരിശോധനക്ക് ലഭ്യമായിട്ടില്ല. മേൽ പറഞ്ഞ രജിസ്റ്ററിൽ അനുബന്ധ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെക്കാലം കഴിഞ്ഞാണ്. പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | പ്രവർത്തി പൂർത്തീ കരണ കാലയളവ്. സൈറ്റ് കൈമാ റിയ | പ്രവർത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് | ഈടാ ക്കേണ്ട പിഴ പി. എ .സി തുകയുടെ ശതമാ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | തിയ്യതി | | | നത്തിൽ | |
| 1 | 167/18-19<br>മുഉപറമ്പ് വെണ്ണക്കാട്ടു തൊടി റോഡ് | 234879<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 76/ 27.03.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>29/17-18/ 18.01.2018 | 6 മാസം<br>18.01.2018 | 23.01.2019<br>എം.ബുക്ക്<br>(241,250 /17-18<br>കരാർകാലാവധി കഴിഞ്ഞ് 26.12.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |
| 2 | 168/18-19<br>മാത്തിൽ ലക്ഷം വീട് റോഡ് | 20000<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 77/ 27.03.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>62/17-18/ 27.03.2018 | 6 മാസം<br>27.03.2018 | 11.01.2019<br>എം.ബുക്ക്<br>(246/18-19<br>കരാർകാലാവധി കഴിഞ്ഞ് 24.12.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 3 | 171/18-19<br>സൗത്ത് കൊടിയത്തൂർ കഴുത്തുട്ടി പുറായി റോഡ് | 249975<br>(റോഡ് മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 44/ 22.01.2019 | ശ്രീ.അബ്ദുൾ നിസ്സാം<br>എം.ടി<br>33/17-18/ 18.01.2018 | 6 മാസം<br>18.01.2018 | 16.01.2019<br>എം.ബുക്ക്<br>(265/17-18<br>കരാർകാലാവധി കഴിഞ്ഞ് 28.12.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 249975 രൂപ യുടെ 3% | 7499 |
| 4 | 175/18-19<br>മാട്ടുമുറി കോളനി കുളം സൈഡ് കെട്ടലും പൈപ്പലൈൻ ദീർഘിപ്പിക്കലും | 217748<br>(വികസന ഫണ്ട് എസ്.സി.പി<br>ബിൽ നമ്പർ 51/22.01 .2019 | ശ്രീ.അബ്ദുൾ ഗഫൂർ.കെ<br>68/17-18/ 31.03.2018 | 3 മാസം<br>31.03.2018 | 12.03.2019<br>എം.ബുക്ക്<br>(311/17-18<br>കരാർകാലാവധി കഴിഞ്ഞ് 07.11.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 350000 രൂപ യുടെ 3% | 10500 |
| 5 | 199/18-19<br>തോട്ടുമുക്കം ജി.എൽ.പി.സ്കൂൾ ക്യാമ്പസ് നവീകരണം | 478052<br>(റോഡിതര മെയിന്റ നൻസ് ഫണ്ട്<br>ബിൽ നമ്പർ 36/29.12.2019 ,42/11.01.2019 | ശ്രീ.കെ. ഷംസുദ്ധീൻ.<br>03/18-19/ 08.05. 2018 | 3 മാസം<br>08.05.2018 | 06.12.2018<br>എം.ബുക്ക്<br>(305/18-19<br>കരാർകാലാവധി കഴിഞ്ഞ് 22.10.2018നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 500000 രൂപ യുടെ 3% | 15000 |
| 6 | 150/18-19 | 149985 | ശ്രീ.സുമോദ്. എ.കെ | 6 മാസം | 20.01.2018 | ഒറിജിനൽ കാലാവധി | പി.എ. സി തുക | 4500 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കാരക്കുന്ന്. പി.ടി. എം. എച്ച്..എസ്.എസ് റോഡ് റീടാറിങ്ങ് | (റോഡ് മെയിന്റ നൻസ് ഫണ്ട് ബിൽ നമ്പർ 06/29.05.2018 | 43/16-17/ 06.02.2017 | 06.02.2017 | എം.ബുക്ക് (135/17-18 കരാർകാലാ വധി കഴിഞ്ഞ് 10.01.2018നാ ണ് പ്രവർത്തി തുടങ്ങിയത് | യുടെ 50 ശതമാന ത്തിൽ കൂടുതൽ. | 149985 രൂപ യുടെ 3% | |
| 7 | 177/18-19 അക്കര പറമ്പ് ചെട്ട്യാർ തൊടിക റോഡ് | 155118 (വികസന ഫണ്ട് എസ്.സി.പി ബിൽ നമ്പർ 66/31.01 .2019 | ശ്രീ.കെ.ടി.സി മമ്മദ് 12/17-18/ 28.12.2017 | 6 മാസം 28.12.2017 | 22.12.2018 എം.ബുക്ക് (257/17-18 കരാർകാലാ വധി കഴിഞ്ഞ് 14.12.2018നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 8 | 159/18-19 തെഞ്ചിരിപറമ്പ് അങ്കണവാടി റോഡ് | 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ നമ്പർ 66/31.01 .2019 | ശ്രീ.അബ്ദുൾ ഗഫൂർ.കെ 20/17-18/ 28.12.2017 | 6 മാസം 28.12.2017 | 05.02.2019 എം.ബുക്ക് (258/19 കരാർ കാലാ വധി കഴിഞ്ഞ് 22.01.2019നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 200000 രൂപ യുടെ 3% | 6000 |
| 9 | 169/18-19 കണ്ടങ്ങൽ കണ്ണാം പറമ്പ് റോഡ് | 52107 (മെയിന്റ നൻസ് ഗ്രാന്റ് റോഡ് ബിൽ നമ്പർ 99/27.03 .2019 | ശ്രീ.അബ്ദുൾ നിസ്സാം എം.ടി 35/17-18/ 18.01.2018 | 6 മാസം 18.01.2018 | 10.01.2019 എം.ബുക്ക് (242/18 കരാർകാലാ വധി കഴിഞ്ഞ് 24.12.2018നാ ണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 399960 രൂപ യു ടെ 3% | 11999 |
| | | | | | | | ആകെ | 76498 |

മേൽ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല.ടിഎസ് സ്ലിപ്പ് , ടെണ്ടർ നോട്ടീസ്, എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി യാണ് ചേർത്തിട്ടുള്ളത്.

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/2018-19. 18.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി

തുക ചെലവഴിച്ചു

പ്രൊജക്ട് നം. : 40/19

അടങ്കൽ : 750000/-രൂപ

നിർവ്വഹണം : ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കുന്നതിന് 3,50000/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും, 300000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും, 100000/-രൂപ ജില്ലാപഞ്ചായത്ത് വിഹിതമായും വകയിരുത്തുകയുണ്ടായി. പദ്ധതി തുക വിനിയോഗിച്ച് പന്നിക്കോട്, ചെറുവാടി, ഗോതമ്പ് റോഡ്, തോട്ടുമുക്കം എന്നീ ക്ഷീരസംഘങ്ങളിലെ 173 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ തോട്ടുമുക്കം ക്ഷീരസംഘത്തിലെ ഗുണഭോക്താവായ ശ്രീ.ഷോൺ പള്ളിക്കമ്യാലിൽ (വാർഡ് 6, ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം.49) എന്നിവർക്ക് ചുവടെ ചേർത്ത പ്രകാരം വിവിധ മാസങ്ങളിലായി പാലിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| സബ്സിഡി അനുവദിച്ച കാലയളവ് | സബ്സിഡി തുക | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നം. | ബിൽ നം./തീയതി |
|---|---|---|---|
| 4/18 മുതൽ 7/18 വരെ | 13727 | 40183101004483 (കേരള ഗ്രാമീൺ ബാങ്ക്) | 2/18-19/14.1.2019 |
| 8/18 മുതൽ 10/18 വരെ | 9741 | ടി | ചെക്ക് നം.3351258/ 16.3.2019 |
| 11/18 മുതൽ 1/19 വരെ | 26196 | ടി | ചെക്ക് നം.3351257/ 16.3.2019 |
| ആകെ | 49664 | | |

ജി.ഒ.(എം.എസ്.)22/2018/ത.സ്വ.ഭ.വ./തീയതി 14.02.2018 നമ്പറായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/-രൂപയാണ്. എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താവിന് 49664/-രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം അനുവദിച്ച9664/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.2019 മുതൽ 18.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി./ഇ2/ 887/2019 (28)/തീ.01.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 175000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 148750 | സമഗ്ര നെൽക്കൃഷി വികസനം | 148750 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 148750 | സമഗ്ര നെൽക്കൃഷി വികസനം | 148750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 880249 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 880000 | 249 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 570114 | ലൈഫ് ഭവനപദ്ധതി (എസ്.സി.) | 570000 | 114 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 904605 | ലൈഫ് ഭവനപദ്ധതി | 903000 | 1605 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | ചാത്തൻപറമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21800772/ 14.01.2019 | 150000 | 0 | 150000 |
| കെ.എസ്.ഇ.ബി | വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | 21800589/ 23.11.2018 | 759349 | 0 | 759349 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10343917/-രൂപ വരവുണ്ട്. അതിൽ 10340000/-രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനം | 207/2009 /7.11.2009 | | 1931508 | 0 | 0 | 1931508 |
| ലൈഫ് ഭവന പദ്ധതി KURDFC | 511/2018 /02.01.19 | 10343917 | 0 | 0 | 0 | 10343917 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1338803 |
| തൻവർഷം നിക്ഷേപിച്ച തുക | 113756 |
| ആകെ | 1452559 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1452559 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കാരശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 31.3.2019 | 1 വർഷം | 814141 | |
| 2 | കാരശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 31.3.2019 | 1 വർഷം | 637918 | |
| 3 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | | | 500 | |
| ആകെ | | | | 1452559 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 212782/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-2018 | 2 (1) | 2500 | പി.എം.അബൂബക്കർ, പാലക്കൽ | 118010104115/11.02.2019 |
| 2017-2018 | 2 (1) | 2500 | പി.എം.അബൂബക്കർ, പാലക്കൽ | 118010104115/11.02.2019 |
| 2017-2018 | 2 (1) | 2500 | സുകുമാരൻ, പവർ സ്റ്റോൺ ക്വാറി | 118010104512/19.02.2019 |

| | | | | |
|---|---|---|---|---|
| 2017-2018 | 2 (1) | 5000 | ബിനു.കെ.മാത്യു, പോബ്സ് | 118010500036/21.02.2019 |
| 2017-2018 | 2 (1) | 2500 | ULCCS CRUSHER | 118010104134/12.02.2019 |
| 2017-2018 | 2 -1 (b) | 15100 | പി.എം.അബൂബക്കർ പാലക്കൽ | 118010104118/11.02.2019 |
| 2017-2018 | 2 -1 (b) | 5040 | പി.എം.അബൂബക്കർ പാലക്കൽ | 118010104769/22.02.2019 |
| 2017-2018 | 2 -1 (b) | 2051 | ഹബീബ് റഹ്മാൻ | 118010105254/01.03.2019 |
| 2017-2018 | 2 -1 (b) | 17982 | സി.പി.മുഹമ്മദ് | 118010104035/07.02.2019 |
| 2017-2018 | 2 -1 (b) | 2500 | സി.പി.മുഹമ്മദ് | 118010104038/07.02.2019 |
| 2017-2018 | 2 -1 (b) | 17982 | സി.പി.മുഹമ്മദ് | 118010104036/07.02.2019 |
| 2017-2018 | 2-2(1) | 11502 | പിലാശ്ശേരി ക്വാറി വർക്സ് L/C 358/17-18 | 118010104037/07.02.2019 |
| 2017-2018 | 2-2(1) | 4672 | ജോജി ജോസഫ്, ഏറ്റുമാനക്കാരൻ L/C 365/17-18 | 118010104985/26.02.2019 |
| 2017-2018 | 2-2(1) | 17808 | അബ്ദുറഹിമാൻ, മർവ | 118010105078/27.02.2019 |
| 2017-2018 | 2-2(1) | 2500 | പി.എം.അബൂബക്കർ പാലക്കൽ | 118010104117/11.02.2019 |
| 2017-2018 | 2-2(1) | 2145 | ശിവരാജൻ പള്ളിക്കപറമ്പിൽ | 118010104774/22.02.2019 |
| 2017-2018 | 2-2(1) | 1950 | അഖിൽ,പള്ളിക്കപറമ്പിൽ | 118010104775/22.02.2019 |
| 2017-2018 | 2-2(1) | 2500 | പി.എം.അബൂബക്കർ പാലക്കൽ | 118010104119/11.02.2019 |
| 2017-2018 | 2-2(2) | 5319 | തങ്കച്ചൻ & സലാവുദ്ദീൻ തോട്ടുമുക്കം ബ്രിക്സ് &മെറ്റൽസ് | 118010500038/23.02.2019 |
| 2017-2018 | 2-2(2) | 1262 | അൽഫ എം സാന്റ് | 118010105464/06.03.2019 |
| 2017-2018 | 2-2(2) | 16800 | സുകുമാരൻ, പവർ സ്റ്റോൺ | 118010104511/19.02.2019 |
| 2017-2018 | 2-2(2) | 15600 | സുകുമാരൻ, പവർ സ്റ്റോൺ | 118010104508/19.02.2019 |
| 2017-2018 | 2-2(2) | 13200 | സുകുമാരൻ, പവർ സ്റ്റോൺ | 118010104509/19.02.2019 |
| 2017-2018 | 2-2(2) | 12000 | സുകുമാരൻ, പവർ സ്റ്റോൺ | 118010104510/19.02.2019 |
| 2017-2018 | 2-2(2) | 9204 | ബിജു പാലക്കുഴിയിൽ എം.സാന്റ് | 118010104039/07.02.2019 |
| 2017-2018 | 2-2(3) | 2000 | അബ്ദുൾമജീദ്, ഹോട്ടൽ അജ് വ | 118010106365/29.03.2019 |
| 2017-2018 | 2-2(3) | 907 | കെ.ടി.സഫിയ, കോട്ടമ്മൽ സ്റ്റീൽസ് | 118010105764/12.03.2019 |
| 2017-2018 | 2-2(3) | 50 | കെ.ടി.സഫിയ, കോട്ടമ്മൽ സ്റ്റീൽസ് | 118010105765/12.03.2019 |
| 2017-2018 | 2-2(3) | 9744 | ഗ്രൂപ്പ് ഓഫ് സെറ്റ് | 118010105187/28.02.2019 |
| 2017-2018 | 2-2(3) | 1764 | സ്മിത, തോട്ടുമുക്കം ഫ്യൂവൽസ് | 118010104867/25.02.2019 |

| | | | | |
|---|---|---|---|---|
| 2017-2018 | 2-2(b) | 600 | അബൂബക്കർ, പോൾട്രി ഫാം | 118010105116/28.02.2019 |
| 2017-2018 | 2-2(b) | 2500 | മർവ എം സാന്റ് | 118010106145/21.03.2019 |
| 2017-2018 | 2-2(b) | 2500 | ULCCS ക്വാറി L/Cno.194 | 118010104134/12.02.2019 |
| 2017-2018 | 2-2(b) | 360 | കെ.ടി.മൊയ്തീൻ L/Cno.144 | 118010105763/12.03.2019 |
| 2017-2018 | 2-2(b) | 240 | അനൂപ് തോമസ് L/Cno.123 | 21438/38/25.02.2019 |
| | ആകെ | 212782 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2001-02 | 11.2 | മണൽ ലേല തുക ഇളവുചെയ്യൽ | പഞ്ചായത്തിന്റെ തുടർനടപടി റിപ്പോർട്ട് അയയ്ക്കാത്തപക്ഷം പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട്ചെയ്യാൻ നിർദ്ദേശിച്ചു |
| 1999-2000 | 37 | 2003-04 (പൊതുപരാമർശം) | 11.13.5.8 | മൈത്രി ഭവനപദ്ധതി | |
| 2000-01 | 25, 29 (a) | 2003-04 (പൊതുപരാമർശം) | 11.13.7.12 | നികുതി പിരിവിലെ അലംഭാവം | |
| 2001-02 | | 2005-06 | 2.70.1.7.3 | RMFഔദ്യോഗിക രസീതിയില്ല | എൽ.എഫ്.എ.സി. 2014-16 (51)റിപ്പോർട്ട് ഖണ്ഡിക 21 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-11 | 2005-06 | 2.70.1.9.9 | കർഷക തൊഴിലാളി പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-12 | 2005-06 | 2.70.1.9.10 | വികലാംഗ പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-13 | 2005-06 | 2.70.1.9.11 | തൊഴിലില്ലായ്മ വേതനം | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 2-2,2-4 | 2005-06 | 2.70.1.13.4ഇല്ല | തനത് വരവ് കാലഹരണപ്പെട്ടു | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | | 2005-06 | 2.70.1.14.17 | നികുതി പിരിവിലെ | (ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| | | | | അലംഭാവം | ചെയ്തു) |
| 2002-03 | 2-8 | 2006-07 (പൊതുപരാമർശം) | 3.79.1.7 | നികുതി കാലഹരണം | |
| 2002-03 | 2-9 | 2006-07 (പൊതുപരാമർശം) | 3.79.5.2 | വാട്ടർചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതുപരാമർശം) | 3.79.6.1 | മണൽ വിൽപന | |
| 2002-03 | 3-8 | 2006-07 (പൊതുപരാമർശം) | 3.79.17.1 | വീട്റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-9 | 2006-07 (പൊതുപരാമർശം) | 3.79.18.2 | സാംസ്കാരിക നിലയം | |
| 2002-03 | 3-10 | 2006-07 (പൊതുപരാമർശം) | 3.79.18.3 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-3 (എ) | 2006-07 (പൊതുപരാമർശം) | 3.79.19.10 | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-3 (ബി) | 2006-07 (പൊതുപരാമർശം) | | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-2 | 2006-07 (പൊതുപരാമർശം) | ഇല്ല3.79.19.10 | കരിക്കാട് റോഡ് അധിക നിരക്ക് | |
| 2002-03 | 3-4 | 2006-07 (പൊതുപരാമർശം) | 3.79.19.10 | കുളങ്ങര മുപ്പരിച്ചാൽ റോഡ് | |
| 2002-03 | 3-11 | 2006-07 (പൊതുപരാമർശം) | 3.79.19.10 | എസ്.സി.കോളനി റോഡ് അധിക നിരക്ക് | |
| 2007-08 | 3-1 | 2010-11 | 5.8.3.1 | ആസ്തികളുടെ പരിപാലനം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75031289 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69336141 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86162 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1526900 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4500 | ശ്രീ.ശ്രീജിത്ത്, അസി.എഞ്ചിനീയർ |
| | | 44999 | ശ്രീമതി. ഗോപികാ മോഹൻ, അസി.എഞ്ചിനീയർ |
| | | 26999 | ശ്രീ. എൻ.രാജേഷ് അസി.എഞ്ചിനീയർ |
| 3-2 | | 9664 | ശ്രീമതി.പി.എം.റുമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 446250 | ശ്രീ.ടി.വേണുഗോപാലൻ നായർ, അസി.സെക്രട്ടറി |
| 1-15 | 185400 | ശ്രീ.ടി.വേണുഗോപാലൻ നായർ, അസി.സെക്രട്ടറി |
| 1-20 | 350000 | ശ്രീമതി.എം.എം.സബീന, കൃഷി ഓഫീസർ |
| 1-21 | 335250 | ഡോ.കെ.അനീഷ് കുമാർ വെറ്ററനറി സർജ്ജൻ |
| 1-25 | 50000 | ശ്രീ. പി.എ. അബ്ദുൾ കലാം ആസാദ്, ഹെഡ് മാസ്റ്റർ |
| 1-30 | 160000 | ഡോ.യു.പി.നൗഷാദ്, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പി.എം.റുമൈസ,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്,<br>മാമ്പറ്റ, മുക്കം<br>കോഴിക്കോട് | സക്കോയ, മാത്തോട്ടം,<br>അരക്കിണർ(പി.ഒ)<br>കോഴിക്കോട് -673028 |
| ശ്രീ.എൻ.രാജേഷ്,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊടിയത്തൂർ | എൻ.വി.എസ്.നിവാസ്,<br>എൻ.ഐ.ടി.ക്യാമ്പസ് (പി.ഒ)<br>കോഴിക്കോട്-673601 |
| ശ്രീമതി.ഗോപിക മോഹൻ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചനീയർ, ഇ.കെ.കനാൽ<br>സെക്ഷൻ, ഇറിഗേഷൻ,നോർത്ത്<br>ഡിവിഷൻ, കോഴിക്കോട് | മായ വിഹാർ, എഞ്ചിനീയറിംഗ്<br>കോളേജിന് എതിർവശം,<br>പാങ്ങാപാറ (പി.ഒ.)<br>തിരുവനന്തപുരം – 695581 |
| ശ്രീ.ശ്രീജിത്,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാത്തമംഗലം<br>പഞ്ചായത്ത് | പനങ്ങാം കുന്നത്ത്, പന്തീരാങ്കാവ്<br>കോഴിക്കോട് -673019 |
| ശ്രീ.ടി.വേണഗോപാലൻ<br>നായർ,<br>അസി.സെക്രട്ടറി | റിട്ടയേർഡ് | വെട്ടുമ്മൽ, കണ്ണിപറമ്പ് (പി.ഒ)<br>കോഴിക്കോട് |
| ശ്രീമതി.എം.എം.സബീന,<br>കൃഷി ഓഫീസർ | കൃഷി ഭവൻ, കൊടിയത്തൂർ | ഇരുൾകുന്നുമ്മൽ, മലയമ്മ,<br>എൻ.ഐ.ടി.<br>കോഴിക്കോട് |
| ഡോ.കെ.അനീഷ് കുമാർ<br>വെറ്ററനറി സർജ്ജൻ | വെറ്ററനറി<br>ഡിസ്പെൻസറി, കൊടിയത്തൂർ | രാഗസുധ, കുറ്റ്യാട്ടിൽ, താമരശ്ശേരി<br>കോഴിക്കോട് |
| ഡോ.യു.പി.നൗഷാദ്,<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി., കൊടിയത്തൂർ | ഉൽപുറത്ത്, അഗസ്ത്യമുഴി, മുക്കം,<br>കോഴിക്കോട് |

## **4-11** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (1)/16.7.2019 | 27,29 | |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (2)/16.7.2019 | 27, 28, 38, 40, 41, 42, 43, 45,46, 47, 48(എ,ബി), 49, 55, 58,59 | |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (3)/16.7.2019 | 13, 25, 28, 29(എ), 30 (എ,ബി) 31, 35, 37 | |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (4)/16.7.2019 | 2-6, 3-9 | |
| 2001-02(പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (5)/16.7.2019 | 11, 12, 13 | |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (6)/16.7.2019 | 2-8, 2-9, 3-2, 3-3, 3-4, 3-5, 3-8, 3-9, 3-10, 3-11, 3-12 | |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (7)/16.7.2019 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 | |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (8)/16.7.2019 | 2-1, 2-2, 3-1, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 | |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (9)/16.7.2019 | 2-4, 2-5, 3-1, 3-2, 3-4, 3-5, 3-7,3-8 | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (10)/16.7.2019 | 2-2(1,2,3), 2-3, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9, 3-14,3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 4-1(1-4) | |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (11)/16.7.2019 | 2-8, 2-9, 2-11, 2-12, 3-1, 3-5, 3-8, 3-10,3-16, 3-20, 3-23, 3-24, 3-28 | |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (12)/16.7.2019 | 2-5, 2-8, 2-9, 3-1, 3-4, 3-8, 3-9, 3-10, 3-11, 3-12, 3-13(3), 3-17, 3-19, 3-20, 3-21, 3-22, 3-24, 3-28, 3-32, 3-33, 3-34,(AB), 4-3 | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (13)/16.7.2019 | 2-1, 3-1(3), 3-2, 3-3,3-5, 3-6, 3-7 | |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (14)/16.7.2019 | 2-3, 3-1(1, 2, 3, 4), 3-2(1, 2, 3, 4), 3-3-, 3-5, 3-7, 3-8, 3-9 | |

| | | | |
|---|---|---|---|
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (15)/16.7.2019 | 2-2, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20,3-21, 3-22, 3-23, 4-1, 4-3, 4-5 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (16)/16.7.2019 | 2-3, 3-2, 3-4, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-17, 3-21 | |
| 2015-16 | ഇല്ലകെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (17)/16.7.2019 | 2-1 (1) (2), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (17)/16.7.2019 | | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1304/2019 /26.7.2019 | 1-12, 2-1, 2-1 (ബി, സി), 2-2, 2-3, 2-4, 2-5, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

കെ.എസ്.എ.കെ.കെ.ഡി/പി1/359/2020 തിയ്യതി 23.04.2020

**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയരക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം